
മുഹമ്മദ് കാടേരി

# ഹദീസ് വിജ്ഞാനീയത്തിലെ സാങ്കേതിക പ്രയോഗങ്ങൾ




**ഏതൊരു** ഹദീസിനും രണ്ടു ഭാഗങ്ങളുണ്ട്. നിവേദക ശ്രേണിയും നിവേദിത വചനവുമാണവ. ഇവയുമായി ബന്ധപ്പെട്ട്, ഹദീസിന്റെ സ്വീകാര്യതക്കും നിരാകരണത്തിനും നിദാനമായ നിയമങ്ങളും തത്വങ്ങളുമാണ് ഹദീസ് വിജ്ഞാന ശാഖയിലെ സാങ്കേതിക പ്രയോഗങ്ങളുടെ ഉള്ളടക്കം. നിവേദകരുടെ എണ്ണത്തെ ആധാരമാക്കി ഹദീസിനെ മുതവാതിർ, ആഹാദ് എന്നിങ്ങനെ രണ്ടു വിഭാഗമായി തരംതിരിച്ചിട്ടുണ്ട്. സത്യവിരുദ്ധമാകാൻ നിർവാഹമില്ലാത്ത വിധം അനേകം ആളുകൾ ഉദ്ധരിച്ച ഹദീസാണ് മുതവാതിർ. നിവേദക ശ്രേണിയുടെ ഓരോ പടവിലും ഈ വിധം നിവേദകരുടെ ആധിക്യം ഉണ്ടാവണമെന്ന് വ്യവസ്ഥയുണ്ട്. നിവേദകർ ഉദ്ധരിക്കുന്നത് തങ്ങൾ നേരിട്ട് കേട്ടതോ കണ്ടതോ ആവണമെന്നതും ഹദീസ് മുതവാതിറാകുന്നതിനുള്ള ഉപാധിയാണ്. ഈ ഉപാധികളിലൊന്നിന്റെ അഭാവത്തിൽ ഹദീസ് മുതവാതിർ അല്ലാതാകും. മുതവാതിറല്ലാത്ത ഹദീസുകളൊക്കെ ഖബറുൽ ആഹാദ് (خبرالآحاد) എന്ന സംജ്ഞയിൽ ഉൾപ്പെടുന്നു.

മുതവാതിർ വാചികം (المتواتر اللفظى), ആശയപരം (المتواترالمعنوى) എന്നിങ്ങനെ രണ്ടു തരമുണ്ട്. വാക്യവും ഉള്ളടക്കവും ഒരുപോലെ മുതവാതിറായി വന്നിട്ടുള്ളതാണ് വാചികമായ മുതവാതിർ. താഴെ ഹദീസ് ഇതിന് ഉദാഹരണമാണ്:

مَنْ كَذَبَ عَلَيَّ مُتَعَمِّدًا فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّارِ

'എന്റെ പേരിൽ മനഃപൂർവം കളവു പറഞ്ഞവൻ തന്റെ താവളം നരകത്തിൽ പ്രതീക്ഷിച്ചുകൊള്ളട്ടെ.' ഈ ഹദീസ് എഴുപതിൽ പരം സ്വഹാബിമാർ ഉദ്ധരിച്ചിട്ടുണ്ട്. വാക്യങ്ങളിൽ മാറ്റമുള്ളതോടൊപ്പം ആശയപരമായി മുതവാതിറായ ഹദീസാണ് മുതവാതിർ മഅ്നവി. പ്രാർഥനാ വേളയിൽ നബി തിരുമേനി(സ) തന്റെ ഇരുകരങ്ങളും ഉയർത്തിപ്പിടിച്ചുവെന്ന് സൂചിപ്പിക്കുന്ന ഹദീസുകൾ ഉദാഹരണം. നൂറോളം ഹദീസുകൾ ഇത് സംബന്ധമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവ വ്യത്യസ്ത സംഭവങ്ങളായതിനാൽ വാചികമായി ഹദീസ് മുതവാതിറാകുന്നില്ല. എന്നാൽ 'പ്രാർഥനയിൽ നബി കൈ ഉയർത്തി' എന്ന വസ്തുത പ്രസ്തുത ഹദീസുകളെല്ലാം ഉൾക്കൊള്ളുന്നതി

നാൽ ആശയപരമായി മുതവാതിറാണ്. മുതവാതിറായ ഹദീസുകൾ ധാരാളമുണ്ടെങ്കിലും ആഹാദിനെ അപേക്ഷിച്ച് അവയുടെ എണ്ണം വിരളമാണ്. ചില പണ്ഡിതന്മാർ മുതവാതിറായ ഹദീസുകൾ മാത്രം സമാഹരിച്ച് ഗ്രന്ഥരചന നടത്തിയിട്ടുണ്ട്. ഇമാം സുയൂത്വിയുടെ *അൽ അസ്ഹാറുൽ മുതനാസിറഃ ഫിൽ അഖ്ബാരിൽ മുതവാതിറഃ*, മുഹമ്മദുബ്നു ജഅ്ഫറിൽ കത്താനിയുടെ *നള്മുൽ മുതനാസിർ മിനൽ ഹദീസിൽ മുതവാതിർ* എന്നിവ ഉദാഹരണം.

നിവേദകരുടെ എണ്ണത്തെ ആസ്പദമാക്കി ഖബറുൽ ആഹാദിനെ മശ്ഹൂർ (مشهور), അസീസ് (عزيز), ഗരീബ് (غريب) എന്നീ മൂന്ന് ഇനങ്ങളായി വിഭജിച്ചിട്ടുണ്ട്. നിവേദക ശ്രേണിയുടെ ഓരോ പടവിലും മൂന്നോ അതിൽ കൂടുതലോ നിവേദകരുള്ള ഹദീസാണ് മശ്ഹൂർ. ഇതിന് മുസ്തഫീദ് എന്നും പേരുണ്ട്. ശ്രേണിയുടെ പടവുകളിൽ ഓരോന്നിലും രണ്ടിൽ കുറയാത്ത നിവേദകരുള്ള ഹദീസിനെയാണ് അസീസ് എന്ന് വിളിക്കുന്നത്. ഒരു പടവിൽ മാത്രം രണ്ടുപേരും മറ്റുപടവുകളിൽ മൂന്നോ കൂടുതലോ നിവേദകരും ഉണ്ടായാലും ഹദീസ് അസീസ് തന്നെ. ഒരാൾ മാത്രം നിവേദനം ചെയ്യുന്ന ഹദീസിന് ഗരീബ് എന്നു പറയുന്നു. നിവേദക പരമ്പരയുടെ എല്ലാ പടവുകളിലും ഒരാൾ മാത്രമാവണമെന്നില്ല. ഏതെങ്കിലും ഒരു പടവിൽ ഒരാൾ മാത്രമായാൽ തന്നെ ഹദീസ്, ഗരീബാകും. ഒരാൾ മാത്രം നിവേദകനായി വരുന്നത് സനദിന്റെ തുടക്കത്തിലാ(സ്വഹാബി)ണെങ്കിൽ ഗരീബ് മുത്‌ലഖ് എന്നും, സ്വഹാബിയല്ലാത്തവരാണ് ഒറ്റയാനായി വരുന്നതെങ്കിൽ ഗരീബ് നിസബി എന്നും പറയുന്നു. എന്നാൽ അധിക പണ്ഡിതന്മാരും ഗരീബ് മുത്‌ലഖിനെ ഫർദ് മുത്‌ലഖ് എന്നും, ഗരീബ് നിസബിയെ ഗരീബ് എന്നുമാണ് വിളിക്കുന്നത്.

ഗരീബ് മുത്‌ലഖിന്റെ ഉദാഹരണം: إِنَّمَا الْأَعْمَالُ بِالنِّيَّات (നിശ്ചയം, കർമങ്ങൾ ഉദ്ദേശ്യമനുസരിച്ചാകുന്നു). ഈ ഹദീസ് നബിയിൽനിന്ന് ഉമറുബ്നുൽ ഖത്ത്വാബ് മാത്രമാണ് ഉദ്ധരിച്ചിട്ടുള്ളത്.

ഗരീബ് നിസബിയുടെ ഉദാഹരണം: ഇമാം മാലിക് സുഹ്‌രിയിൽനിന്നും അദ്ദേഹം അനസിൽനിന്നും ഉദ്ധരിക്കുന്നു: "നബി(സ) തന്റെ ശിരസ്സിൽ ഇരുമ്പ് തൊപ്പി ധരിച്ചുകൊണ്ട് മക്കയിൽ പ്രവേശിച്ചു.'' ഈ ഹദീസ് സുഹ്‌രിയിൽനിന്ന് മാലിക് മാത്രമാണ് ഉദ്ധരിച്ചിട്ടുള്ളത്. മേൽ വിവരിച്ച ഗരീബിനെ غريب متنا وإسنادا (മത്‌നും സനദും ഗരീബായിട്ടുള്ളത്) എന്നാണ് പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത്. ഇവ കൂടാതെ ഹദീസിന്റെ മത്‌നി(വചനം)നെ ബാധിക്കാത്തതും കേവലം ഇസ്‌നാദ് (നിവേദക ശൃംഖല)പരമായി ഗരീബായിട്ടുള്ളതുമായ ഒരു ഇനം ഗരീബുണ്ട് (غريب إسنادا لا متنا). ഒരു ഹദീസ് നബിയിൽനിന്ന് ഉദ്ധരിച്ച അനേകം സ്വഹാബിമാർ ഉണ്ടായിരിക്കുകയും പിന്നീട് അവരിലൊരു സ്വഹാബിയിൽനിന്ന് പ്രസ്തുത ഹദീസ് ഒരു താബിഈ മാത്രം ഉദ്ധരിക്കുകയും ചെയ്യുന്നതാണിത്. ഇത്തരം ഹദീസിനെ പറ്റിയാണ് ഇമാം തിർമിദി ഗരീബുൻ മിൻ ഹാദൽ വജ്ഹ് (غريب من هذا الوجه) എന്നു പറയുന്നത്.


വാസ്തവ വിരുദ്ധമാകാൻ സാധ്യതയില്ലാത്തതാണ് മുതവാതിർ എന്ന് അതിന്റെ നിർവചനത്തിൽനിന്ന് വ്യക്തമാണല്ലോ. അതിനാൽ മുതവാതിറായ ഹദീസിന്റെ സ്വീകാര്യതയിൽ തർക്കമില്ലെന്നു മാത്രമല്ല; അതിന്റെ ഉള്ളടക്കം ഖണ്ഡിതമായി ബോധ്യപ്പെടുന്നതുമാണ്. എന്നാൽ ഖബറുൽ ആഹാദിന്റെ സ്ഥിതി ഇതല്ല. അതിൽ സ്വീകാര്യവും നിരാകൃതവുമായ ഹദീസുകൾ ഉണ്ടായിരിക്കും. ഈ രണ്ടു വിഭാഗത്തിലും - സ്വീകാര്യമായ ഹദീസുകളും നിരാകൃത ഹദീസുകളും - ഒന്നിലധികം ഇനങ്ങളുണ്ട്.

സ്വീകാര്യമായ ഹദീസുകളെ സ്വഹീഹ് (صحيح), ഹസൻ (حسن) എന്നീ രണ്ടിനങ്ങളായി പണ്ഡിതന്മാർ വിഭജിച്ചിരിക്കുന്നു.

## സ്വഹീഹ്

അന്യൂനം, കുറ്റമറ്റത്, രോഗമുക്തം എന്നെല്ലാമാണ് സ്വഹീഹ് എന്ന പദത്തിന്റെ ഭാഷാർഥം. വിശ്വസ്തരും ധർമനിഷ്ഠരും ഹദീസിന്റെ കൈകാര്യനിർവഹണത്തിൽ കൃത്യനിഷ്ഠയുള്ളവരുമായ നിവേദകരുടെ ഇടമുറിയാത്ത ശ്രേണിയിലൂടെ ഉദ്ധൃതമായതും മറ്റു നിവേദനങ്ങളോട് വിയോജിക്കാത്തതും ന്യൂനതകളിൽനിന്നു മുക്തവുമായ ഹദീസാണ് സാങ്കേതികമായി സ്വഹീഹ്. ഹദീസ് സ്വഹീഹായി പരിഗണിക്കണമെങ്കിൽ താഴെ ഉപാധികൾ പൂർത്തീകരിച്ചിരിക്കണമെന്ന് മേൽ നിർവചനം താൽപര്യപ്പെടുന്നു:

1. നിവേദക ശ്രേണിയിലെ ഒന്നാമത്തെ നിവേദകൻ മുതൽ അവസാനത്തെ നിവേദകൻ വരെ ഓരോരുത്തനും തന്റെ മീതെ



**അന്യൂനം, കുറ്റമറ്റത്, രോഗമുക്തം എന്നെല്ലാമാണ് സ്വഹീഹ് എന്ന പദത്തിന്റെ ഭാഷാർഥം. വിശ്വസ്തരും ധർമനിഷ്ഠരും ഹദീസിന്റെ കൈകാര്യനിർവഹണത്തിൽ കൃത്യനിഷ്ഠയുള്ളവരുമായ നിവേദകരുടെ ഇടമുറിയാത്ത ശ്രേണിയിലൂടെ ഉദ്ധൃതമായതും മറ്റു നിവേദനങ്ങളോട് വിയോജിക്കാത്തതും ന്യൂനതകളിൽനിന്നു മുക്തവുമായ ഹദീസാണ് സാങ്കേതികമായി സ്വഹീഹ്.**

യുള്ളവനിൽനിന്ന് നേരിട്ട് ഹദീസ് സ്വീകരിക്കുക.

2. നിവേദകരിൽ എല്ലാവരും പ്രായപൂർത്തി വന്നവരും വിവേകമതികളും ധാർമികതക്കും മാന്യതക്കും കളങ്കമേൽക്കാത്ത മുസ്‌ലിംകളും ആയിരിക്കുക.

3. ഓരോ നിവേദകനും ഹദീസ് രേഖപ്പെടുത്തിയോ ഹൃദിസ്ഥമാക്കിയോ സൂക്ഷിക്കുന്ന കാര്യത്തിൽ കൃത്യനിഷ്ഠയും തികഞ്ഞ ജാഗ്രതയുമുള്ളവനായിരിക്കുക.

4. താൻ ഉദ്ധരിച്ച ഹദീസ് തന്നെക്കാൾ പ്രാമാണികനായ നിവേദകൻ ഉദ്ധരിച്ചതിനോട് എതിരാവാതിരിക്കുക.

5. ഹദീസിന്റെ സാധുതയെ ബാധിക്കുന്ന മറ്റു ന്യൂനതകളിൽനിന്നും നിവേദനം മുക്തമായിരിക്കുക.

ഇമാം ബുഖാരി ഉദ്ധരിച്ച താഴെ ഹദീസ് സ്വഹീഹിന് ഉദാഹരണമാണ്:

حَـدَّثَنَا عَبْدُاللَّهِ بْنُ يُوسُفَ قَالَ أَخْبَرَنَا مَالِكٌ عَنِ ابْنِ شِهَاب عَنْ مُحَمَّدِ بْنِ جُبَيْرِ بْنِ مُطْعِمٍ عَنْ أَبِيهِ قَالَ سَـمِعْتُ رَسُـولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَرَأَ فِي الْمَغْرِبِ بِالطُّورِ

'നബി(സ) മഗ്‌രിബ് നമസ്കാരത്തിൽ സൂറതു ത്ത്വൂർ പാരായണം ചെയ്തത് ഞാൻ കേട്ടു.'

ഈ ഹദീസ് താഴെ പറയുന്ന കാരണങ്ങളാൽ സ്വഹീഹായി പരിഗണിക്കപ്പെടുന്നു:

(a) ഇതിന്റെ നിവേദകരിൽ ഓരോരുത്തനും തന്റെ ഗുരുവിൽനിന്ന് ഇത് നേരിട്ട് കേട്ടതാണെന്ന് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു.

(b) ഇതിന്റെ നിവേദകരെല്ലാം വിശ്വസ്തരും ധർമനിഷ്ഠരും ഹദീസ് കൈകാര്യം ചെയ്യുന്നതിൽ കൃത്യതയുള്ളവരുമാണെന്ന് നിരൂപകർ അംഗീകരിച്ചിട്ടുണ്ട്. ഹദീസ് നിവേദകരെപ്പറ്റി പഠനം നടത്തിയിട്ടുള്ള ജീവ ചരിത്രകാരന്മാർ അവരെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

1. അബ്ദുല്ലാഹിബ്നു യൂസുഫ്: സൂക്ഷ്മജ്ഞാനിയും പ്രാമാണികനും (ثقة متقن)

2. മാലികുബ്നു അനസ്: ഹദീസ് മനഃപാഠമുള്ള ഇമാം (إمام حافظ)

3. ഇബ്നു ശിഹാബ് അസ്സുഹ്‌രി: ഹദീസ് മനഃപാഠമുള്ള പണ്ഡിതൻ, സൂക്ഷ്മജ്ഞാനത്തിലും പാണ്ഡിത്യഗരിമയിലും സർവാംഗീകാരം ലഭിച്ചവൻ (فقيه حافظ متقن على جلالته وإتقانه).

4. മുഹമ്മദുബ്നു ജുബൈർ: പ്രാമാണികൻ.

5. ജുബൈറുബ്നു മുത്‌ഇം: സ്വഹാബി.

(c) ഈ നിവേദനം ഇതിനേക്കാൾ പ്രബലമായ മറ്റു നിവേദനങ്ങളോട് വിയോജിക്കുന്നില്ല.

(d) നിവേദനത്തെ ബാധിക്കുന്ന പരോക്ഷമായ ന്യൂനത (ഇല്ലത്ത്)കളിൽനിന്ന് മുക്തമാണിത്.

ഹദീസ് സ്വഹീഹാണെന്ന് തെളിഞ്ഞാൽ അത് ശർഈ വിധികൾക്ക് ആധാരമാക്കേണ്ട പ്രമാണമായിത്തീരും. മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അതിനെ അവഗണിക്കാൻ നിർവാഹമില്ല.

ഒരു ഹദീസിനെപ്പറ്റി هذا حديث صحيح (ഇത് സ്വഹീഹായ ഹദീസാണ്) എന്ന് പണ്ഡിതന്മാർ പറയുന്നതിന്റെ വിവക്ഷ മേൽ വിവരിച്ച അഞ്ച് ഉപാധികൾ പൂർത്തീകരിച്ച ഹദീസ് എന്നാണ്. ഇതിലുപരി, സംശയാതീതമായി സ്ഥിരീകരിക്കപ്പെട്ട നബിവചനം എന്ന അർഥകൽപന അതിനില്ല. മറവിയും അബദ്ധവും പ്രാമാണികരിൽനിന്നും സംഭവിക്കാമല്ലോ. ഇപ്രകാരം തന്നെ هذا حديث غير صحيح (ഇത് സ്വഹീഹല്ലാത്ത ഹദീസാണ്) എന്ന പ്രസ്താവനയുടെ വിവക്ഷ, ഉപര്യുക്തമായ അഞ്ച് ഉപാധികൾ അഥവാ അവയിൽ ചിലത് ഒത്തുചേർന്നിട്ടില്ലാത്ത ഹദീസ് എന്നേ അർഥമുള്ളൂ. ആ ഹദീസ് വ്യാജമാണെന്ന ധ്വനി അതിലില്ല. കാരണം, അബദ്ധം ആവർത്തിക്കുന്നവരിൽനിന്ന് സുബദ്ധം ഉളവായെന്നു വരാം.

സ്വഹീഹായ ഹദീസുകൾ മാത്രം സമാഹരിച്ചുകൊണ്ടുള്ള ആദ്യരചന സ്വഹീഹുൽ ബുഖാരിയാണ്. പിന്നീട് സ്വഹീഹ് മുസ്‌ലിമും. എന്നാൽ സ്വഹീഹായ ഹദീസുകൾ മുഴുവൻ പ്രസ്തുത കൃതികൾ ഉൾക്കൊള്ളുന്നില്ല.

## ഹസൻ

ഭാഷയിൽ ഉത്തമം, ഉൽകൃഷ്ടം, മനോഹരം തുടങ്ങിയ അർഥങ്ങളുള്ള പദമാണ് ഹസൻ. വിശ്വസ്തരും ധർമനിഷ്ഠരും എന്നാൽ കൃത്യനിഷ്ഠയിൽ ലോപം സംഭവിച്ചിട്ടുള്ളവരുമായ നിവേദകരുടെ ഇടമുറിയാത്ത ശ്രേണിയിലൂടെ ഉദ്ധൃതമായതും മറ്റു നിവേദനങ്ങൾക്കു വിരുദ്ധമല്ലാത്തതും ന്യൂനതകളിൽനിന്നു മുക്തവുമായ ഹദീസ് എന്നാണ് ഹസന്റെ സാങ്കേതിക വിവക്ഷ. ഹദീസ് സ്വഹീഹാവാൻ വേണ്ട ഉപാധികളിൽ മൂന്നാമത്തേത് ഒഴികെ മറ്റുള്ളവ സ്വഹീഹിനെപ്പോലെ ഹസനും ബാധകമാണ്. മൂന്നാമത്തെ ഉപാധിയാണ് സ്വഹീഹിനെയും ഹസ



ഭാഷയിൽ ഉത്തമം, ഉൽകൃഷ്ടം, മനോഹരം തുടങ്ങിയ അർഥങ്ങളുള്ള പദമാണ് ഹസൻ. വിശ്വസ്തരും ധർമനിഷ്ഠരും എന്നാൽ കൃത്യനിഷ്ഠയിൽ ലോപം സംഭവിച്ചിട്ടുള്ളവരുമായ നിവേദകരുടെ ഇടമുറിയാത്ത ശ്രേണിയിലൂടെ ഉദ്ധൃതമായതും മറ്റു നിവേദനങ്ങൾക്കു വിരുദ്ധമല്ലാത്തതും ന്യൂനതകളിൽനിന്നു മുക്തവുമായ ഹദീസ് എന്നാണ് ഹസന്റെ സാങ്കേതിക വിവക്ഷ. ഹദീസ് സ്വഹീഹാവാൻ വേണ്ട ഉപാധികളിൽ മൂന്നാമത്തേത് ഒഴികെ മറ്റുള്ളവ സ്വഹീഹിനെപ്പോലെ ഹസനും ബാധകമാണ്. മൂന്നാമത്തെ ഉപാധിയാണ് സ്വഹീഹിനെയും ഹസനെയും വേർതിരിക്കുന്ന ഘടകം.

> **നിവേദക പരമ്പരയുടെ ആദ്യഭാഗത്ത് ഒന്നോ അധികമോ നിവേദകരെ ഒഴിവാക്കിയിട്ടുള്ള ഹദീസാണ് മുഅല്ലഖ്.**
>
> **നിവേദക പരമ്പരയുടെ അവസാനഭാഗത്ത് താബിഇനുശേഷം പരാമർശിക്കേണ്ട നിവേദകനെ/ നിവേദകരെ വിട്ടുകളഞ്ഞ ഹദീസാണ് മുർസൽ.**

നെയും വേർതിരിക്കുന്ന ഘടകം. അതായത്, ഹദീസ് ഹൃദിസ്ഥമാക്കിയോ രേഖപ്പെടുത്തിയോ സൂക്ഷിക്കുന്നതിൽ സ്വഹീഹായ ഹദീസിന്റെ നിവേദകരോളം സൂക്ഷ്മതയും കൃത്യതയും പുലർത്തുന്നവരല്ല ഹസന്റെ നിവേദകർ. പ്രാബല്യത്തിൽ സ്വഹീഹിന്റെ താഴെയാണ് ഹസന്റെ പദവിയെങ്കിലും സ്വീകാര്യവും പ്രാമാണികവുമായ ഹദീസുകൾക്കൊപ്പമാണ് ഹസന്റെ സ്ഥാനം.

### തിരസ്കൃത ഹദീസുകൾ

നിവേദനത്തിന്റെ വിശ്വാസ്യത സംശയാസ്പദമായിട്ടുള്ള ഹദീസുകളാണിവ. ഹദീസ് സ്വീകാര്യമാകാൻ വേണ്ട നിബന്ധനകളിൽ ഒന്നോ അതിൽ കൂടുതലോ നഷ്ടമാകുന്നത് മൂലമാണ് ഇത് സംഭവിക്കുന്നത്. ഹദീസ് തിരസ്കൃതമാകുന്നതിന്റെ കാരണങ്ങൾ നിരവധിയാണെങ്കിലും അവയെ പൊതുവായി രണ്ടു കാരണങ്ങളിൽ സംഗ്രഹിക്കാം:

1. നിവേദക ശ്രേണിയിൽനിന്ന് ഒന്നോ അധികമോ കണ്ണി നഷ്ടമാകൽ.
2. നിവേദകന്റെ അയോഗ്യത.

ഈ രണ്ടിലൊരു കാരണത്താൽ തിരസ്കൃതമാകുന്ന ഹദീസുകൾ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു. എന്നാൽ സാമാന്യമായി അവ ദഈഫ്(ضعيف) എന്നാണ് അറിയപ്പെടുന്നത്. ദുർബലം എന്നാണ് ദഈഫിന്റെ പദാർഥം. നിവേദക ശ്രേണിയിൽ നിന്നുള്ള കണ്ണിനഷ്ടം ചിലപ്പോൾ വ്യക്തവും പ്രകടവുമാണെങ്കിൽ മറ്റു സന്ദർഭങ്ങളിൽ അത് അവ്യക്തവും ഗോപ്യവുമാകാനിടയുണ്ട്. നിവേദക ശ്രേണിയിൽനിന്ന് അപ്രത്യക്ഷമായ നിവേദകരുടെ എണ്ണവും സ്ഥാനവും പരിഗണിച്ച് ഹദീസുകളെ നാല് ഇനമായി തിരിക്കാം.

**1. മുഅല്ലഖ്** (معلق): നിവേദക പരമ്പരയുടെ ആദ്യഭാഗത്ത് ഒന്നോ അധികമോ നിവേദകരെ ഒഴിവാക്കിയിട്ടുള്ള ഹദീസാണിത്. നിവേദകരിൽ ആരെയും പരാമർശിക്കാതെ 'നബി തിരുമേനി പ്രസ്താവിച്ചു.........' എന്നിങ്ങനെ ഉദ്ധരിക്കുന്ന ഹദീസ് ഈ ഗണത്തിൽ ഉൾപ്പെടുന്നു. നിവേദകരിൽ സ്വഹാബിയെ മാത്രമോ അല്ലെങ്കിൽ സ്വഹാബിയെയും താബിഇനെയും മാത്രമായോ വെളിപ്പെടുത്തി ഉദ്ധരിക്കുന്ന ഹദീസും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ഉദാ:

وَقَـــالَ أَبُو مُوسَى غَطَّى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رُكْبَتَيْهِ حِينَ دَخَلَ عُثْمَانُ

അബൂമൂസാ പ്രസ്താവിച്ചിരിക്കുന്നു: 'ഉസ്മാൻ (റ) കടന്നുവന്നപ്പോൾ നബി തന്റെ കാൽമുട്ടുകൾ രണ്ടും വസ്ത്രം കൊണ്ട് മൂടി.' ബുഖാരി മുഅല്ലഖായി ഉദ്ധരിച്ച ഹദീസാണിത്. സ്വഹാബി(അബൂമൂസാ) ഒഴികെ മറ്റു നിവേദകരെയൊന്നും ഇതിൽ പരാമർശിക്കുന്നില്ല. ഈ വിധം വിട്ടുകളഞ്ഞ നിവേദകർ അജ്ഞാതരായിരിക്കുമ്പോൾ ഹദീസ് ദുർബലമാണെന്ന് വിധിക്കും. ഹദീസ് സ്വീകാര്യമാകാനുള്ള, 'നിവേദകശ്രേണി ഇടമുറിയാതിരിക്കുക'യെന്ന ഉപാധിയുടെ അഭാവമാണ് ഈ വിധിക്കു കാരണം. അധ്യായ ശീർഷകങ്ങൾക്കു താഴെ അവക്ക് അനുബന്ധമായാണ് ബുഖാരി മുഅല്ലഖായ ഹദീസുകൾ ഉദ്ധരിച്ചിട്ടുള്ളത്; സ്വഹീഹിന്റെ ഭാഗമായല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതിനാൽ رواه البخاري في صحيحه (ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ധരിച്ചത്) എന്ന് മുഅല്ലഖായ ഹദീസിനെപ്പറ്റി പറയാവതല്ലെന്നും رواه البخاري معلقا (ബുഖാരി മുഅല്ലഖായി ഉദ്ധരിച്ചത്) എന്നേ പറയാവൂ എന്നും പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

**2. മുർസൽ** (مرسل): നിവേദക പരമ്പരയുടെ അവസാന ഭാഗത്ത് താബിഇനുശേഷം പരാമർശിക്കേണ്ട നിവേദകനെ/ നിവേദകരെ വിട്ടുകളഞ്ഞ ഹദീസാണ് മുർസൽ. നബി(സ) ഇപ്രകാരം പറഞ്ഞുവെന്ന് ഒരു താബിഅ് പ്രസ്താവിക്കുന്ന രൂപത്തിലാണ് ഇത് വരുന്നത്. മുസ്ലിം ഉദ്ധരിച്ച താഴെ ഹദീസ് ഇതിന് ഉദാഹരണമാണ്:

حَدَّثَنِي محمدُ بْنُ رَافِعٍ حدَثنا حجين حَدَّثَنا اللّيـــث عن عقيـــل عن بْنُ شهاب عَنْ ســــعِيد ابْنِ المسيّب أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَهَى عَنِ الْمُزَابَنَةِ

മുഹമ്മദുബ്നു റാഫിഅ്, ഹുജൈനിൽനിന്നും ഹുജൈൻ ലൈസിൽനിന്നും ലൈസ് ഉഖൈലിൽനിന്നും ഉഖൈൽ ഇബ്നു ശിഹാബിൽനിന്നും ഇബ്നു ശിഹാബ് സഈദുബ്നു മുസയ്യബിൽനിന്നും ഉദ്ധരിക്കുന്നു: 'നബി(സ) മുസാബനഃ നിരോധിച്ചു' ഈ ഹദീസിൽ 'നബി(സ) മുസാബന നിരോധിച്ചു' എന്ന് പ്രസ്താവിക്കുന്നത് സഈദുബ്നുൽ മുസയ്യബാണ്. അദ്ദേഹം സ്വഹാബിയല്ല; താബിഅ് ആണ്. അതിനാൽ അദ്ദേഹം നബിയിൽനിന്ന് നേരിട്ടു ശ്രവിച്ച കാര്യമല്ല ഇതെന്നു വ്യക്തം. നബിയിൽനിന്നു ഇക്കാര്യം നേരിട്ടു ഗ്രഹിച്ച സ്വഹാബിയിൽനിന്നായിരിക്കണം അദ്ദേഹത്തിനു പ്രസ്തുത വിവരം ലഭിച്ചിട്ടുള്ളത്. ഈ സ്വഹാബി പ്രസ്തുത നിവേദക പരമ്പരയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഹദീസ് മുർസലാകുന്നു. സ്വഹാബിയിൽനിന്ന് പ്രസ്തുത വിവരം കരസ്ഥമാക്കിയ മറ്റൊരു താബിഇയിൽനിന്ന് ഇബ്നുൽ മുസയ്യബിന് ലഭിച്ച വിവരമാകാനും ഇടയുണ്ട്. അങ്ങനെയാണെങ്കിൽ പ്രസ്തുത നിവേദക ശ്രേണിയിൽനിന്ന് രണ്ടു കണ്ണികൾ അപ്രത്യക്ഷമായിട്ടുണ്ടാകും. മറ്റു നിവേദനങ്ങളിലൂടെ ഇത് വ്യക്തമാകാത്ത പക്ഷം ഈ ഹദീസ് ദുർബലവും അസ്വീകാര്യവുമായിരിക്കും.

**3. മുഅ്ദൽ** (معضل): നിവേദക ശ്രേണിയിൽനിന്ന് തുടരെ രണ്ടോ അതിൽ കൂടുതലോ നിവേദകർ വിട്ടുപോയ ഹദീസാണ് മുഅ്ദൽ. ഹാകിം തന്റെ നിവേദക പരമ്പര വഴി ഖഅ്നബിയിൽനിന്നും ഖഅ്നബി മാലികിൽനിന്നും ഉദ്ധരിച്ചിട്ടുള്ള

ഹദീസ് ഇതിന് ഉദാഹരണമാണ്: അബൂഹുറയ്റ ഇപ്രകാരം പ്രസ്താവിച്ചതായി മാലികിന് വിവരം ലഭിച്ചിരിക്കുന്നു: 'നബി (സ) പ്രസ്താവിച്ചു: അടിമക്ക് ന്യായപ്രകാരം ഭക്ഷണവും വസ്ത്രവും ലഭിക്കാൻ അവകാശമുണ്ട്. തനിക്കു സാധ്യമാകുന്ന പ്രവൃത്തികളേ അവനോട് കൽപിക്കാവൂ.' ഈ ഹദീസിന്റെ നിവേദക ശ്രേണിയിൽ അബൂഹുറയ്റ(റ)ക്കു മുമ്പുള്ളത് മാലികാണ്. എന്നാൽ അബൂഹുറയ്റയുടെയും മാലികിന്റെയും ഇടക്കുള്ള രണ്ടു നിവേദകന്മാരെ ഇതിൽ വിട്ടുകളഞ്ഞിരിക്കുന്നു.

**4. മുൻഖതിഅ്** (**منقطع**): കണ്ണിയറ്റ പരമ്പരയോടുകൂടിയ ഹദീസ് എന്നാണ് മുൻഖതിഇന്റെ സാമാന്യ വിവക്ഷ. ഇതനുസരിച്ച് നേരത്തെ പരാമർശിച്ച മുഅല്ലഖ്, മുർസൽ, മുഅ്ദൽ എന്നിവ മുൻഖതിഇൽ ഉൾപ്പെടും. എന്നാൽ സാങ്കേതിക വിവക്ഷയിൽ പ്രസ്തുത മൂന്ന് ഹദീസുകളുടെ നിർവചനത്തിൽ ഉൾപ്പെടാത്ത, കണ്ണിമുറിഞ്ഞ ഹദീസാണ് മുൻഖതിഅ്. അതായത്, നിവേദക പരമ്പരയുടെ തുടക്കത്തിലോ ഒടുവിലോ നിവേദകർ വിട്ടുപോയതും തുടരെ രണ്ടുനിവേദകർ വിട്ടുപോയതും ഒഴികെ മറ്റുരൂപത്തിൽ നിവേദക ശൃംഖലയുടെ കണ്ണിയറ്റുപോയ ഹദീസാണ് മുൻഖതിഅ്. ഉദാഹരണം:

**رَوَى عَبدُ الرّزّاق عَنِ الثَّورِى عَن أَبِي إســـــحق عَن زَيدِ بنِ يُشيْعٍ عَن حُدَيفَةَ مَرفُوعاً: إِن وَلَّيتُموهَا أَبابَكر فَقَوِيٌ أَمِين**

അബ്ദുർറസ്സാഖ്, സൗരിയിൽനിന്നും സൗരി, അബൂ ഇസ്ഹാഖിൽനിന്നും അബൂ ഇസ്ഹാഖ്, സൈദുബ്നു യുശൈഇൽനിന്നും സൈദുബ്നു യുശൈഅ്, ഹുദൈഫയിൽനിന്നും ഹുദൈഫ, നബിയിൽനിന്നും ഉദ്ധരിക്കുന്നു: 'നിങ്ങളത് (ഖിലാഫത്) അബൂബക്റിനെ ഏൽപിക്കുന്ന പക്ഷം അദ്ദേഹം അതിന് കഴിവുറ്റവനും വിശ്വസ്തനുമാണ്.' ഈ ഹദീസിന്റെ നിവേദക ശ്രേണിയുടെ മധ്യഭാഗത്ത് - സൗരിക്കും അബൂ ഇസ്ഹാഖിനും ഇടയിൽ-ഒരു നിവേദകൻ വിട്ടുപോയിരിക്കുന്നു. അതായത് ഈ ഹദീസ് സൗരി, അബൂഇസ്ഹാഖിൽനിന്ന് നേരിട്ടു കേട്ടതല്ല. നിവേദക ശ്രേണിയിൽനിന്നു വിട്ടുപോയ വ്യക്തിയുടെ നിജസ്ഥിതി അറിയാത്തതു മൂലം മുൻഖതിആയ ഹദീസ് ദുർബലമാകുന്നു. മുർസൽ, മുൻഖതിഅ് എന്നിവയെ അപേക്ഷിച്ച് ഏറെ ദുർബലമാണ് മുഅ്ദൽ.

### മുദല്ലസ് (مدلس)

തദ്‌ലീസ് എന്ന ക്രിയാ നാമത്തിൽനിന്ന് നിഷ്പന്നമായ കർമപദമാണ് (ഇസ്മുൽ മഫ്ഊൽ) മുദല്ലസ്. ക്രയവസ്തുവിന്റെ ന്യൂനത ക്രേതാവിൽനിന്നു മറച്ചുവെക്കുന്നതിനാണ് ഭാഷയിൽ തദ്‌ലീസ് എന്നു പറയുന്നത്. നിവേദക ശ്രേണിയുടെ ന്യൂനത മറച്ചുപിടിച്ച് ബാഹ്യരൂപം ഭംഗിയാക്കലാണ് സാങ്കേതികാർഥത്തിൽ തദ്‌ലീസ്. തദ്‌ലീസുൽ ഇസ്നാദ്, തദ്‌ലീസുശ്ശുയൂഖ് എന്നിങ്ങനെ ഇത് രണ്ടു വിധമുണ്ട്. ഒരു നിവേദകൻ തന്റെ ഗുരുവിൽനിന്ന് നേരിട്ടു കേൾക്കാത്ത ഹദീസ് നേരിട്ടു കേട്ടതാണെന്നു പറയാതെ ഉദ്ധരിക്കലാണ് തദ്‌ലീസുൽ ഇസ്നാദ്. ഇപ്രകാരം ഉദ്ധരിച്ച ഹദീസിന് മുദല്ലസ് എന്നും പറയുന്നു. ഉദാഹരണം: ഹാകിം തന്റെ നിവേദക ശ്രേണിവഴി അലിയ്യുബ്നു ഖശ്റമിൽനിന്ന് ഉദ്ധരിക്കുന്നു. 'അലിയ്യുബ്നു ഖശ്റം പ്രസ്താവിച്ചു: 'ഇബ്നു ഉയൈന, സുഹ്‌രിയിൽനിന്ന് ഞങ്ങൾക്ക് ഹദീസ് ഉദ്ധരിച്ചു തന്നു. അപ്പോൾ ആരോ അദ്ദേഹത്തോട് ചോദിച്ചു: താങ്കൾ ഇത് സുഹ്‌രിയിൽനിന്നു കേട്ടതാണോ? അദ്ദേഹം പറഞ്ഞു: അല്ല; സുഹ്‌രിയിൽനിന്നു കേട്ടയാളിൽനിന്നു കേട്ടതുമല്ല. പ്രത്യുത, സുഹ്‌രിയിൽനിന്ന് മഅ്മർ ഉദ്ധരിച്ചതായി അബ്ദുർറസ്സാഖ് എന്നോട് പറഞ്ഞതാണ്.' തനിക്കും സുഹ്‌രിക്കും മധ്യേയുള്ള രണ്ടു നിവേദകരെ ഒഴിവാക്കിയാണ് ഇബ്നു ഉയൈന ഹദീസ് ഉദ്ധരിച്ചതെന്ന് പ്രസ്തുത വിശദീകരണം സൂചിപ്പിക്കുന്നു.

ഇവ്വിധം തദ്‌ലീസ് നടത്താൻ നിവേദകനെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ പലതാണ്. അവയിൽ പ്രധാനപ്പെട്ടവ:

1. തന്റെ ഗുരു ദുർബലനാവുക, അഥവാ ഹദീസ് നിവേദന വിഷയത്തിൽ അദ്ദേഹം പ്രാമാണികനല്ലാതാവുക.

2. ഗുരുനാഥൻ ദീർഘകാലം ജീവിച്ചിരുന്നതിനാൽ തന്റെ താഴെക്കിടയിലുള്ളവർ അദ്ദേഹത്തിൽനിന്നു ഹദീസ് പഠിച്ചിട്ടുണ്ടാവുക.

3. ഗുരു നിവേദകനേക്കാൾ പ്രായക്കുറവുള്ളവനായിരിക്കുക.

4. ഇസ്നാദി(നിവേദക ശ്രേണി)ന് ഔന്നത്യം പകരാൻ.

5. താൻ ധാരാളമായി ഹദീസ് ശ്രവിച്ച ഗുരുനാഥനിൽനിന്ന് ചില ഹദീസുകൾ പഠിക്കാൻ കഴിയാതെ പോയത്.

### തദ്‌ലീസുശ്ശുയൂഖ്

നിവേദകൻ തന്റെ ഗുരുനാഥനിൽനിന്നു നേരിട്ടു കേട്ട ഹദീസ് ഉദ്ധരിക്കുമ്പോൾ ഗുരുവിനെ അദ്ദേഹം അറിയപ്പെടാത്ത ഒരു അപരനാമത്തിലോ സംബന്ധികാനാമ(നിസ്ബ)ത്തിലോ പരാമർശിക്കലാണ് തദ്‌ലീസുശ്ശുയൂഖ്. ഖുർആൻ പാരായണ വിദഗ്ധരിൽ ഒരാളായ അബൂബക്റിബ്നു മുജാഹിദിന്റെ ഈ പ്രസ്താവന ഉദാഹരണമാണ്: 'അബ്ദുല്ലാഹിബ്നു അബീ അബ്ദില്ലാ ഞങ്ങളോട് പറഞ്ഞു.' അബൂബക്റിബ്നു ദാവൂദസ്സിജിസ്താനിയെ ഉദ്ദേശിച്ചാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. തദ്‌ലീസുൽ ഇസ്നാദിന്റെ പ്രേരകങ്ങളിൽ ആദ്യം പരാമർശിച്ച മൂന്നെണ്ണത്തിനു പുറമെ, താഴെ പറയുന്ന കാരണവും തദ്‌ലീസുശ്ശുയൂഖിന് പ്രചോദകമായി വർത്തിക്കുന്നു: നിവേദകൻ തന്റെ ഗുരുവിൽനിന്ന് ഉദ്ധരിച്ച ഹദീസുകളുടെ ആധിക്യം കാരണം അദ്ദേഹത്തിന്റെ നാമം ഒരേ രീതിയിൽ ആവർത്തിക്കുന്നത് അരോചകമായി തോന്നുക.

### തദ്‌ലീസ് അഭിശംസനീയമാവാനുള്ള കാരണങ്ങൾ

1. താൻ ഹദീസ് പഠിച്ചിട്ടില്ലാത്ത ഒരാളിൽനിന്നും ഹദീസ് പഠിച്ചുവെന്ന് നിവേദകൻ തെറ്റിദ്ധരിപ്പിക്കുന്നു.

2. വസ്തുനിഷ്ഠവും സുവ്യക്തവുമായ നിലപാട് കൈക്കൊള്ളുന്നതിനു പകരം അവ്യക്തവും സംശയാസ്പദവുമായ രീതി അവലംബിക്കുന്നു.

3. താൻ മറച്ചുപിടിക്കാൻ ശ്രമിക്കുന്ന നിവേദകനെ വെളിപ്പെടുത്തുന്ന പക്ഷം നിവേദനം അസ്വീകാര്യമാകുമെന്ന വസ്തുത.

### അൽ മുർസലുൽ ഖഫിയ്യ് (പരോക്ഷ മുർസൽ)

നിവേദകൻ നേരിട്ടുകാണുകയോ തന്റെ സമകാലീനനായി ജീവിക്കുകയോ ചെയ്ത ഒരാളിൽനിന്ന് താൻ കേൾക്കാത്ത ഹദീസ് നേരിട്ടുകേട്ടതാണെന്നോ അല്ലെന്നോ വ്യക്തമാക്കാതെ രണ്ടിനും സാധ്യതയുള്ള പദം ഉപയോഗിച്ചു നിവേദനം ചെയ്യുന്ന ഹദീസാണ് അൽ മുർസലുൽ ഖഫിയ്യ്. താഴെ പറയുന്ന മൂന്നു കാര്യങ്ങളിൽ ഒന്ന് മുഖേന മുർസലുൽ ഖഫിയ്യിനെ തിരിച്ചറിയാനാകും:

1. താൻ ഹദീസ് ഉദ്ധരിച്ചിട്ടുള്ള വ്യക്തിയുമായി നിവേദകൻ സന്ധിച്ചിട്ടില്ലെന്നോ ഉദ്ധൃത ഹദീസ് അദ്ദേഹത്തിൽനിന്നു ലഭിച്ചതല്ലെന്നോ പണ്ഡിതന്മാരിൽ ചിലർ സാക്ഷ്യപ്പെടുത്തൽ.

2. നിവേദകൻ സ്വയം തന്നെ അക്കാര്യം വെളിപ്പെടുത്തുക.

3. നിവേദകനും, അദ്ദേഹം ഉദ്ധരിക്കുന്ന വ്യക്തിക്കും മധ്യേ മറ്റൊരാളെ പരാമർശിക്കുന്ന വേറെ നിവേദനം ഉണ്ടാവുക. മുൻഖതിഅ് (കണ്ണിമുറിഞ്ഞ) ആയ ഹദീസുകളുടെ ഗണത്തിൽ ഉൾപ്പെടുന്നതിനാൽ മുർസലുൽ ഖഫിയ്യ് ദുർബലമായ ഹദീസാകുന്നു.

**നിവേദകന്റെ അയോഗ്യതയാൽ തിരസ്കൃതമാകുന്ന ഹദീസ്**

നിവേദക ശ്രേണിയിൽനിന്ന് ഒന്നോ അതിൽ കൂടുതലോ നിവേദകരുടെ തിരോഭാവത്താൽ തിരസ്കൃതമാകുന്ന ഹദീസുകളുടെ വ്യത്യസ്ത ഇനങ്ങളാണ് മേൽ വിവരിച്ചത്. നിവേദകരുടെ അയോഗ്യതയാൽ തിരസ്കൃതമാകുന്ന ഹദീസുകളാണ് ഇനി പരാമർശിക്കാനുള്ളത്. മതനിഷ്ഠ, ധാർമികത തുടങ്ങിയ മേഖലകളിലോ ഹദീസ് കൈക്കൊള്ളുകയും സൂക്ഷിച്ചുവെക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്ന വിഷയത്തിലോ കൃത്യവിലോപം ആരോപിക്കപ്പെട്ടവനാവുകയെന്നാണ് നിവേദകൻ അയോഗ്യനാകുന്നതിന്റെ വിവക്ഷ. ഇവ്വിധം നിവേദകൻ ആരോപിതനാകുന്നതിന്റെ കാരണങ്ങൾ പത്തെണ്ണമാണ്. ഇവയിൽ അഞ്ചെണ്ണം മതധാർമിക നിലപാടുമായി ബന്ധപ്പെട്ടതും ബാക്കിയുള്ളവ ഹദീസിന്റെ ആദാന-പ്രദാനങ്ങളുമായി ബന്ധപ്പെട്ടതും ആണ്. മത-ധാർമിക നിലപാടുമായി ബന്ധപ്പെട്ടവ:

1. കളവ് പറയൽ.
2. കളവു പറഞ്ഞുവെന്ന ആരോപണം.
3. അധാർമിക നടപടികൾ.
4. നിവേദകന്റെ അനാചാര ബന്ധം.
5. നിവേദകൻ അജ്ഞാതനാവുക.

ഹദീസിന്റെ ആദാന പ്രദാനങ്ങളുമായി ബന്ധമുള്ളവ:

1. ഗുരുതരമായ അബദ്ധങ്ങൾ.
2. മനഃപാഠ വൈകല്യം.
3. അശ്രദ്ധ.
4. ധാരണപ്പിശകുകളുടെ ആധിക്യം.
5. പ്രാമാണികരോടുള്ള വിയോജിപ്പ്.

മേൽ കാരണങ്ങളാൽ തിരസ്കൃതമാകുന്ന ഹദീസുകൾ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു. അവ:

### മൗദൂഅ് (موضوع)

നബി(സ)യുടെ പേരിൽ കളവ് പറഞ്ഞതാണ് നിവേദകന്റെ അയോഗ്യതക്കു നിമിത്തമെങ്കിൽ അയാൾ ഉദ്ധരിക്കുന്ന ഹദീസ് മൗദൂഅ് (കൽപിതം) ആകുന്നു. നബി(സ)യുടെ പേരിൽ അവതരിപ്പിക്കുന്ന സ്വയം സൃഷ്ടവും സ്വകൽപിതവുമായ വ്യാജം എന്നാണ് മൗദൂഇന്റെ സാങ്കേതിക നിർവചനം. തിരസ്കൃത ഹദീസുകളിൽ ഏറെ ദുർബലവും നിന്ദാർഹവുമാണ് മൗദൂഅ്. ചില പണ്ഡിതന്മാർ ദുർബലമായ ഹദീസുകളിൽ പോലും അതിനെ ഉൾപ്പെടുത്തുന്നില്ല. പ്രത്യുത, 'കൽപിതം' എന്ന ഒരു സ്വതന്ത്ര ഇനമായാണ് അതിനെ എണ്ണുന്നത്. ഒരു ഹദീസ് മൗദൂആണെന്ന് അറിഞ്ഞുകൊണ്ട് അതിന്റെ നിജസ്ഥിതി വ്യക്തമാക്കാതെ ഉദ്ധരിക്കൽ നിഷിദ്ധമാ(ഹറാം)ണെന്നാണ് പണ്ഡിതന്മാരുടെ ഏകോപിത മതം. മുസ്‌ലിം ഉദ്ധരിച്ച ഹദീസാണ് ഈ വിധിക്ക് ആധാരം: "കളവാണെന്ന് തനിക്ക് അഭിപ്രായമുള്ള ഒരു ഹദീസ് എന്നെപ്പറ്റി ഒരാൾ ഉദ്ധരിച്ചാൽ അവൻ വ്യാജവാദികളിൽ ഒരുവനാകുന്നു."

### മത്റൂക് (متروك)

കളവ് പറഞ്ഞുവെന്ന ആരോപണമാണ് നിവേദകന്റെ അയോഗ്യതക്കു കാരണമെങ്കിൽ അയാൾ ഉദ്ധരിക്കുന്ന ഹദീസ് മത്റൂക് (വർജ്യം) എന്നറിയപ്പെടുന്നു. 'നിവേദകപരമ്പരയിൽ വ്യാജാരോപിതനായ നിവേദകനുള്ള ഹദീസ്' എന്നാണ് മത്റൂകിന്റെ നിർവചനം. നിവേദകൻ വ്യാജാരോപിതനാകുന്നത് രണ്ടു കാരണങ്ങളാലാണ്:

1. താൻ വഴിയല്ലാതെ ആ ഹദീസ് ഉദ്ധരിക്കപ്പെടാതിരിക്കുകയും ദീനിന്റെ സുപരിചിത തത്വങ്ങൾക്ക് അത് എതിരാവുകയും ചെയ്യുക.

2. സാധാരണ സംസാരങ്ങളിൽ കളവു പറയുന്നവനായി നിവേദകൻ അറിയപ്പെടുക. എന്നാൽ നബി(സ)യുടെ പേരിൽ കളവ് പറഞ്ഞതായി തെളിയാതിരിക്കുകയും ചെയ്യുക. ഉദാഹരണം: അംറുബ്നു ശമീറിൽ ജുഅ്ഫി, ജാബിറിൽനിന്നും ജാബിർ, അബുത്ത്വുഫൈലിൽനിന്നും ഇദ്ദേഹം അലി, അമ്മാർ എന്നിവരിൽനിന്നും ഉദ്ധരിച്ചിട്ടുള്ള ഹദീസ്: 'നബി(സ) ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതുമായിരുന്നു. അറഫാ ദിനത്തിലെ സുബ്ഹ് നമസ്കാരം മുതൽ തക്ബീർ ചൊല്ലുകയും അയ്യാമുത്തശ്‌രീഖിന്റെ അവസാനദിവസം അസ്ർ നമസ്കാരത്തോടെ അത് നിർത്തലാക്കുകയും ചെയ്തിരുന്നു.' ഈ ഹദീസ് മത്റൂക് ആണ്. കാരണം ഇതിന്റെ നിവേദകനായ അംറുബ്നു ശമീറിനെപ്പറ്റി നസാഇയും ദാറഖുത്നിയും മത്റൂകുൽ ഹദീസ് (ഹദീസ് വർജിതൻ) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ദൗർബല്യത്തിൽ മൗദൂഇന് തൊട്ടുതാഴെയാണ് മത്റൂകിന്റെ സ്ഥാനം.

### മുൻകർ (منكر)

ഗുരുതരമായ അബദ്ധം, തികഞ്ഞ അശ്രദ്ധ, ധാർമികതക്കു നിരക്കാത്ത നടപടി തുടങ്ങിയ കാരണങ്ങളാൽ ആക്ഷേപിക്കപ്പെടുന്ന വ്യക്തി നിവേദക പരമ്പരയിലുണ്ടെങ്കിൽ അത്തരം ഹദീസിനെ മുൻകർ എന്നുപറയുന്നു. 'പ്രാമാണികനായ നിവേദകൻ ഉദ്ധരിച്ചതിനു ഭിന്നമായി ദുർബലനായ നിവേദകൻ ഉദ്ധരിച്ച ഹദീസ്' എന്നും മുൻകർ നിർവചിക്കപ്പെട്ടിട്ടുണ്ട്. നസാഇയും ഇബ്നുമാജയും ഉദ്ധരിച്ച താഴെ ഹദീസ് ആദ്യത്തെ നിർവചനപ്രകാരമുള്ള മുൻകറിന് ഉദാഹരണമാണ്:

عَـن أَبِى زُكير يحيى بْنِ مُحَمَّدِ بْنِ قَيْسٍ الْمَدَنِيُّ عَن هِشَامِ بْنِ عُرْوَةَ عَنْ أَبِيهِ عَنْ عَائِشَةَ مَرفُوعًا كُلُوا الْبَلَحَ بِالتَّمْرِ فَإِنّ ابن آدَم إِذا أَكَلَه غَضِبَ الشَّيْطَانَ

അബൂസുകൈർ യഹ്‌യബ്നു മുഹമ്മദിബ്നി ഖൈസ്, ഹിശാമിൽനിന്നും ഹിശാം, ഉർവയിൽനിന്നും ഉർവ, തന്റെ പിതാവിൽനിന്നും ഇദ്ദേഹം ആഇശയിൽനിന്നും നബി(സ) തിരുമേനി പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: 'നിങ്ങൾ പച്ച ഈന്തക്കായ ഉണങ്ങിയ ഈന്തപ്പഴവുമായി ചേർത്ത് കഴിക്കുക. നിശ്ചയം, ആദമിന്റെ പുത്രൻ ഇത് ഭക്ഷിക്കുന്നതായാൽ പിശാച് കോപിഷ്ഠനായിത്തീരും.' നസാഈ പ്രസ്താവിക്കുന്നു: 'ഇത് മുൻകറായ ഹദീസാണ്. അബൂസുകൈർ മാത്രമാണ് ഇത് ഉദ്ധരിച്ചിട്ടുള്ളത്. അദ്ദേഹം സദ്‌വൃത്തനായ ഗുരുവാണ്. അദ്ദേഹത്തിന്റെ ചില നിവേദനങ്ങൾ മറ്റു നിവേദനങ്ങളുടെ പിന്തുണയോടെ മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഏകനായി ഉദ്ധരിക്കുന്ന ഹദീസ് പരിഗണനാർഹമല്ല.' രണ്ടാമത്തെ നിർവചനപ്രകാരമുള്ള മുൻകറിന് താഴെ നിവേദനം ഉദാഹരണമാണ്. ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു:

عَن حُبَيِّب بنِ حَبيب الزّيّات عَن أَبي إِسـحاقَ عَنِ العيزَارِ بن حُرَيْث عَنِ ابْن عَبّاس عَن النّبِيّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قال: مَنْ أَقام الصّلاة وآتى الزّكاةَ وحجَّ الْبَيْتَ وَصامَ وَقَرَى الضَّيْفَ دَخَل الجَنّة

ഹുബയ്യിബുബ്നു ഹബീബിസ്സയ്യാത്ത്, അബൂ ഇസ്ഹാഖിൽനിന്നും അബൂ ഇസ്ഹാഖ്, ഐസാറുബ്നു ഹുറൈസിൽനിന്നും ഐസാർ, ഇബ്നു അബ്ബാസിൽനിന്നും ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു: 'വല്ലവനും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും കഅ്ബാ മന്ദിരത്തിങ്കൽ ഹജ്ജ് നിർവഹിക്കുകയും നോമ്പനുഷ്ഠിക്കുകയും അതിഥിയെ സൽക്കരിക്കുകയും ചെയ്താൽ അവൻ സ്വർഗപ്രവേശനാർഹനായി.' അബൂഹാതിം പ്രസ്താവിക്കുന്നു: 'ഈ ഹദീസ് മുൻകറാണ്. പ്രാമാണികരായ നിവേദകർ ഇത് ഉദ്ധരിച്ചിട്ടുള്ളത് തിരു

## മുഅ്ദൽ

**നിവേദക ശ്രേണിയിൽനിന്ന് തുടരെ രണ്ടോ അതിൽ കൂടുതലോ നിവേദകർ വിട്ടുപോയ ഹദീസ്.**

## മുൻഖത്വിഅ്

**കണ്ണിയറ്റ പരമ്പരയോടുകൂടിയ ഹദീസ്**

വചനമായല്ല; പ്രത്യുത സ്വഹാബി വചന(മൗഖൂഫ്)മായാണ്. നിർവചനം സൂചിപ്പിക്കുന്നതുപോലെ അത്യന്തം ദുർബലമായ ഹദീസുകളുടെ ഒരു ഇനമാണ് മുൻകർ.



**മുഅല്ലൽ (معلل)**

ധാരണപ്പിശകാ(വഹ്മ്)ണ് നിവേദകന്റെ അയോഗ്യതക്കുകാരണമെങ്കിൽ അയാൾ ഉദ്ധരിക്കുന്ന ഹദീസ് മുഅല്ലൽ (വികലം) എന്ന് അറിയപ്പെടുന്നു. ബാഹ്യരൂപം കുറ്റമറ്റതായിരിക്കെ, സാധുതയെ ദോഷകരമായി ബാധിക്കുന്ന നിഗൂഢ വൈകല്യങ്ങൾ കണ്ടെത്തിയിട്ടുള്ള ഹദീസ് എന്നാണ് മുഅല്ലലിന്റെ സാങ്കേതിക നിർവചനം. ഇത്തരം നിഗൂഢ വൈകല്യത്തെ ഇല്ലത്ത് എന്നു വിളിക്കുന്നു. അവ്യക്തവും നിഗൂഢവുമായതോടൊപ്പം ഹദീസിന്റെ സാധുതയെ പ്രതികൂലമായി ബാധിക്കുന്നുവെന്നതാണ് ഇല്ലത്തിന്റെ പ്രത്യേകത. ഇല്ലത്തുകളെപ്പറ്റിയുള്ള ജ്ഞാനം ഹദീസ് വിജ്ഞാനീയത്തിന്റെ ഉൽകൃഷ്ടവും അതിസൂക്ഷ്മവുമായ വശമാണ്. ഹദീസ് വിജ്ഞാനീയവുമായുള്ള ദീർഘനാളത്തെ പരിചയത്തിലൂടെ പരിണത പ്രജ്ഞരായിട്ടുള്ള പണ്ഡിതന്മാർക്കേ ഹദീസുകളുടെ ഈ ന്യൂനത കണ്ടെത്താനാവുകയുള്ളൂ.

**പ്രാമാണികരോടുള്ള വിയോജിപ്പ്**

പ്രാമാണികരുമായുള്ള വിയോജിപ്പാണ് നിവേദകൻ അനഭിമതനാകാനുള്ള മറ്റൊരു കാരണം. ഈ വിയോജിപ്പ് അഞ്ചു തരത്തിലാകാം.

1. നിവേദക ശ്രേണിയുടെ ശരിയായക്രമം തെറ്റിച്ചുകൊണ്ടോ, സ്വഹാബിയുടെ അഥവാ താബിഇന്റെ പ്രസ്താവനയെ നബിവചനമാക്കി അവതരിപ്പിച്ചുകൊണ്ടോ ഹദീസ് ഉദ്ധരിക്കുക. ഇതിനു മുദ്റജ് എന്നു പറയുന്നു.

2. വാക്കുകൾ സ്ഥാനം മാറ്റി ഉദ്ധരിക്കുക. ഇങ്ങനെ സംഭവിച്ചിട്ടുള്ള ഹദീസ് മഖ്‌ലൂബ് എന്നറിയപ്പെടുന്നു.

3. നിവേദക ശ്രേണിയിൽ ഉൾപ്പെടാത്ത ഒരാളെ കൂട്ടിച്ചേർത്ത് അവതരിപ്പിക്കുക. ഇത് 'അൽ മസീദു ഫീ മുത്തസ്വിലിൽ അസാനീദ്' എന്നറിയപ്പെടുന്നു.

4. ഒരു നിവേദകനു പകരം മറ്റൊരാളെ പരാമർശിക്കുകയോ മൂലവാക്യം വൈവിധ്യങ്ങളോടെ അവതരിപ്പിക്കുകയോ ചെയ്യുക. ഇതിന് മുദ്ത്വരിബ് എന്നാണ് പേര്.

5. വാക്യഘടനക്കു ഭംഗം സംഭവിക്കാതെ പദത്തിനു മാറ്റം വരുത്തി ഉദ്ധരിക്കുക. ഇത് മുസ്വഹ്ഹഫ് എന്നറിയപ്പെടുന്നു.

ഇവയിൽ ഓരോന്നും ഉദാഹരണ സഹിതം വ്യക്തമാക്കാം:

**മുദ്റജ് (مدرج)**

പ്രവേശിപ്പിക്കുക, ഉൾക്കൊള്ളിക്കുക എന്നീ അർഥങ്ങളുള്ള 'അദ്റജ'യുടെ കർമപദമാണ് മുദ്റജ്. നിവേദക ശ്രേണി (ഇസ്നാദ്)യുടെ ശരിയായ ക്രമത്തിന് ഭംഗം സംഭവിച്ചിട്ടുള്ളതോ മൂല വാക്യത്തി(മത്ന്)ൽ ഉൾപ്പെടാത്ത വല്ലതും അതിൽ ചേർന്നു വന്നതോ ആയ ഹദീസാണ് സാങ്കേതികമായി മുദ്റജ്. നിവേദക ശ്രേണി(സനദ്)ക്ക് ക്രമഭംഗം സംഭവിച്ചിട്ടുള്ളതിന് മുദ്റജുൽ ഇസ്നാദ് എന്നും മൂലവാക്യ(മത്ൻ)ത്തോട് അതിലുൾപ്പെടാത്തത് ചേർന്നുവന്നതിനെ മുദ്റജുൽ മത്ൻ എന്നുംപറയുന്നു. ഹദീസ് ഉദ്ധരിക്കുന്നതിനിടെ മറ്റുവല്ലതും പറയേണ്ട സാഹചര്യം നിവേദകനുണ്ടാവുകയും അങ്ങനെ പറഞ്ഞത് ഹദീസാണെന്ന് ശ്രോതാവ് തെറ്റിദ്ധരിക്കാൻ ഇടവരികയും ചെയ്യുന്നത് മൂലമാണ് ചിലപ്പോൾ ഇദ്റാജ് സംഭവിക്കുന്നത്. താഴെ സംഭവം ഉദാഹരണമാണ്: ശരീകുബ്നു അബ്ദില്ലാഹിൽ ഖാദി തന്റെ ശിഷ്യരെ ഹദീസ് കേൾപ്പിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു:

حـدَّثَنا الْأَعْمَشُ عَنْ أَبِي سُفْيانَ عَن جابر قَال: قَال رَسُولُ اللهِ صَلّى الله عَلَيْه وَسَلّم

ഇത്രയും പറഞ്ഞശേഷം ശ്രോതാക്കൾക്ക് എഴുതിയെടുക്കാനുള്ള സൗകര്യാർഥം അദ്ദേഹം നിശ്ശബ്ദനായി. അപ്പോഴാണ് അദ്ദേഹം സാബിതുബ്നു മൂസായെ കാണുന്നത്. തദവസരം സാബിതിനോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

مَنْ كَثُرَت صَلاتُهُ بِاالّيْلِ حَسُنَ وَجْهُهُ بِالنَّهارِ

'രാത്രി ധാരാളമായി നമസ്കരിക്കുന്നവന്റെ മുഖം പകലിൽ മനോഹരമായിരിക്കും' രാത്രി ദീർഘമായി നമസ്കരിക്കുന്ന പതിവ് സാബിതിനുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് ശരീക് നടത്തിയ ഒരു പ്രസ്താവന മാത്രമായിരുന്നു ഇത്. എന്നാൽ സാബിതാകട്ടെ, ഇത് ഹദീസാണെന്ന് തെറ്റിദ്ധരിക്കുകയും ഹദീസ് എന്ന നിലയിൽ ഉദ്ധരിച്ചുതുടങ്ങുകയും ചെയ്തു.

**മഖ്‌ലൂബ് (مقلوب)**

കീഴ്മേൽ മറിക്കുകയെന്നാണ് ഖൽബിന്റെ ഭാഷാർഥം. ഹദീസിന്റെ നിവേദകപരമ്പരയിലോ മൂല വചനത്തിലോ ഉള്ള രണ്ടു പദങ്ങളെ പരസ്പരം സ്ഥാനം മാറ്റി പറയുകയെന്നാണ് ഖൽബിന്റെ സാങ്കേതിക വിവക്ഷ. മഖ്‌ലൂബുൽ മത്ൻ, മഖ്‌ലൂ

ബുസ്സനദ് എന്നിങ്ങനെ മഖ്‌ലൂബ് രണ്ട് തരമുണ്ട്. സ്ഥാനമാറ്റം സംഭവിച്ചിട്ടുള്ളത് നിവേദക ശ്രേണിയിലുള്ള പദങ്ങൾക്കാണെങ്കിൽ അതിന് മഖ്‌ലൂബുസ്സനദ് എന്നു പറയുന്നു. സനദിലെ كَعْبُ بْنُ مُرَّة എന്ന നാമം مُرَّةُ بْنُ كَعب എന്ന് തിരിച്ചു പറയുന്നത് ഇതിന് ഉദാഹരണമാണ്.

മൂലവചനത്തിലെ പദങ്ങൾക്ക് സ്ഥാനചലനം സംഭവിച്ച ഹദീസാണ് മഖ്‌ലൂബുൽ മത്ൻ. വചനത്തിൽ ആദ്യം പറയേണ്ട പദം പിന്നീടും പിന്നീടു പറയേണ്ട പദം ആദ്യത്തിലും വരുന്നത് ഇതിന് ഉദാഹരണമാണ്. അന്ത്യനാളിൽ അല്ലാഹു പ്രത്യേകം തണലേകുന്ന ഏഴ് വിഭാഗത്തെ വിവരിക്കുന്ന ഹദീസ് ബുഖാരിയും മറ്റും ഇപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്:

وَرَجُلٌ تَصَدَّقَ بِصَدَقَةٍ فَأَخْفَاهَا حَتَّى لَا تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ

'വലതു കൈ ചെലവഴിക്കുന്നത് ഇടത് കൈ അറിയാതിരിക്കുമാറ് രഹസ്യമായി ദാനം ചെയ്ത വ്യക്തി.' എന്നാൽ ഇതേ നബിവചനം നിവേദകരിൽ ചിലർ അബദ്ധവശാൽ ഇപ്രകാരമാണ് ഉദ്ധരിച്ചിരിക്കുന്നത്.

حَتَّى لَا تَعْلَمَ يَمِينُهُ مَا تُنْفِقُ شِمَالُهُ

'ഇടതു കൈ ചെലവഴിക്കുന്നത് വലതുകൈ അറിയാതിരിക്കുമാറ്.'

### അൽമസീദു ഫീ മുത്തസ്വിലിൽ അസാനീദ്

കണ്ണികളൊന്നും വിട്ടുപോയിട്ടില്ലാത്തതും പ്രത്യക്ഷേണ കുറ്റമറ്റതെന്ന് തോന്നിക്കുന്നതുമായ നിവേദക ശ്രേണിയിൽ അധികപ്പറ്റായി ചില നിവേദക നാമങ്ങൾ കടന്നു കൂടിയിട്ടുള്ള ഹദീസാണിത്. ഇബ്നുൽ മുബാറക് ഉദ്ധരിച്ചിട്ടുള്ള താഴെ ഹദീസ് ഇതിന് ഉദാഹരണമാണ്:

الرَّحْمنِ بْنِ يَزِيدَ حَدَّثَنِي بُسْرُبْنُ عُبَيْدِاللهِ قالَ
سَمِعْتُ وَاثِلَة يَقُولُ سَمِعْتُ رَسُولَ اللهِ صَلّى
جْلِسُوا عَلى الْقُبُورِ وَلاَ تُصَلُّوا إِلَيْها.



വാസില പറയുന്നു: നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'നിങ്ങൾ ഖബ്റുകൾക്കു മീതെ ഇരിക്കരുത്: ഖബ്റുകളിലേക്കു തിരിഞ്ഞ് നമസ്കരിക്കരുത്.'

ഈ ഹദീസിന്റെ നിവേദകപരമ്പരയിൽ സുഫ്‌യാൻ, അബൂ ഇദ്‌രീസ് എന്നീ നാമങ്ങൾ അധികപ്പറ്റാകുന്നു. വിശ്വസനീയമായ മറ്റു നിവേദനങ്ങളിൽനിന്ന് വ്യക്തമായിട്ടുള്ള കാര്യമാണിത്.

### മുദ്ത്വരിബ് (مضطرب)

സമീകരണം പ്രായോഗികമല്ലാത്ത വിധം വിവിധ നിവേദനങ്ങളിലൂടെ ഭിന്ന രൂപങ്ങളിൽ ഉദ്ധരിക്കപ്പെട്ട ഹദീസാണിത്. നിവേദനങ്ങളുടെ ബലാബലം തുല്യമായതിനാൽ അവയിലൊന്നിന് മുൻഗണന നൽകി മറ്റുള്ളവ തിരസ്കരിക്കാൻ നിർവാഹവുമില്ല. മുദ്ത്വരിബുസ്സനദ് (നിവേദകശ്രേണി അസ്ഥിരമായത്), മുദ്ത്വരിബുൽ മത്ൻ (മൂലവചനം അസ്ഥിരമായത്) എന്നിങ്ങനെ ഇത് രണ്ടു വിധമുണ്ട്. താഴെ ഹദീസ് മുദ്ത്വരിബുസ്സനദിന് ഉദാഹരണമാണ്:

عَنْ أَبِي بَكْرٍ رَضِيَ اللهُ عَنْهُ أَنَّهُ قالَ : يَـــارَسُــولَ اللهِ أَرَاكَ شِبْتَ قَال شَيَّبَتْنِى هُود وأَخَوَاتُها

അബൂബക്റി(റ)ൽ നിന്ന് നിവേദനം: അദ്ദേഹം (നബിയോട്) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, താങ്കളെ നര ബാധിച്ചതായി ഞാൻ കാണുന്നു' നബി(സ) പറഞ്ഞു: 'ഹൂദും അതിന്റെ സഹോദരികളു(ഖുർആനിലെ ഹൂദ് സൂറഃയും സമാന സ്വഭാവമുള്ള സൂറത്തുകളും)മാണ് എന്നെ നരപ്പിച്ചത്.'

ഈ ഹദീസ് മുദ്ത്വരിബാണെന്ന് ദാറഖുത്‌നി പ്രസ്താവിച്ചിരിക്കുന്നു. അബൂ ഇസ്ഹാഖ് വഴിമാത്രമേ ഇത് നിവേദനം ചെയ്യപ്പെട്ടിട്ടുള്ളൂ. എന്നാൽ അദ്ദേഹത്തിൽനിന്ന് നിവേദനം ചെയ്തിട്ടുള്ളവർ വൈവിധ്യമാർന്ന പത്തോളം രീതികളിലാണ് ഇത് ഉദ്ധരിച്ചിരിക്കുന്നത്. ചിലർ മുർസലാ(നിവേദക ശ്രേണിയിൽനിന്ന് സ്വഹാബി വിട്ടുപോയത്)യി ഉദ്ധരിച്ചപ്പോൾ മറ്റുചിലർ മൗസ്വൂലാ(കണ്ണിമുറിയാത്ത നിവേദക ശ്രേണിയോട് കൂടിയത്)യി ഉദ്ധരിച്ചിരിക്കുന്നു. ചിലരുടെ നിവേദനത്തിൽ സ്വഹാബിയുടെ സ്ഥാനത്ത് അബൂബക്റാണെങ്കിൽ ചിലരുടേതിൽ സഅ്ദും വേറെ ചിലരുടേതിൽ ആഇശയുമാണ്. നിവേദകരെല്ലാം ഒരുപോലെ പ്രാമാണികരായതിനാൽ നിവേദനങ്ങളിലൊന്നിന് മുൻഗണന (തർജീഹ്) നൽകാനോ സംയോജന(ജംഅ്)ത്തിലൂടെ എല്ലാ നിവേദനങ്ങളെയും ഒരുപോലെ സ്വീകാര്യമായി ഗണിക്കാനോ നിർവാഹമില്ല. ഇക്കാരണത്താലാണ് ഇതിനെ മുദ്ത്വരിബ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിർമിദി ശരീകിൽനിന്നും ശരീക്, അബൂഹംസയിൽനിന്നും അബൂഹംസ ശഅ്ബിയിൽനിന്നും ശഅ്ബി, ഫാത്വിമ ബിൻതു ഖൈസിൽനിന്നും ഉദ്ധരിച്ച താഴെ നബിവചനം മുദ്ത്വരിബുൽ മത്നിന് ഉദാഹരണമാകുന്നു:

لُ اللهِ صَلّى اللهُ عَلَيْهِ وَسَلّم عَنِ الزَّكاة فَقالَ : إِنَّ فِى الْمالِ
زَّكاة

നബി(സ)യോട് സകാത്തിനെപ്പറ്റി ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നിശ്ചയം ധനത്തിൽ സകാത്തല്ലാത്ത ബാധ്യതയുമുണ്ട്.' എന്നാൽ ഇതേ നിവേദകർ വഴി ഇബ്നുമാജ ഈ ഹദീസ് ഉദ്ധരിച്ചിട്ടുള്ളത് ഇങ്ങനെയാണ്:

لَيْسَ فِي الْمَالِ حَقٌّ سِوَى الزَّكَاةِ

'ധനത്തിൽ സകാത്തൊഴികെ യാതൊരു ബാധ്യതയുമില്ല.' ഹാഫിള് ഇറാഖി പറയുന്നു: 'വ്യാഖ്യാനത്തിനു പഴുതില്ലാത്തവിധം ഇദ്ത്വിറാബ് സംഭവിച്ച ഹദീസാണിത്.'

### മുസ്വഹ്ഹഫ് (مصحّف)

അർഥ വ്യത്യാസം ഉളവാകും വിധം പദത്തിൽ മാറ്റം വരുത്തി ഉദ്ധരിച്ച ഹദീസാണ് 'മുസ്വഹ്ഹഫ്.' ഇപ്രകാരം രൂപഭേദം വന്നിട്ടുള്ള പദം സനദിലോ മത്നിലോ ആവാം. ശുഅ്ബ ഉദ്ധരിച്ച ഒരു ഹദീസിന്റെ നിവേദകരിൽ ഒരാളുടെ പേര്




**ക്രയവസ്തുവിന്റെ ന്യൂനത ക്രേതാവിൽനിന്നു മറച്ചു വെക്കുന്നതിനാണ് ഭാഷയിൽ തദ്‌ലീസ് എന്നു പറ യുന്നത്. നിവേദക ശ്രേണിയുടെ ന്യൂനത മറച്ചുപി ടിച്ച് ബാഹ്യരൂപം ഭംഗിയാക്കലാണ് തദ്‌ലീസ്.**

العوّامُ بْن مُراجِمഎന്നാണ്. എന്നാൽ ഇബ്നു മഈൻ ഈ നാമത്തെ العوّام بن مزاحمഎന്ന് തസ്ഹീഫ് വരുത്തിയാണ് ഉദ്ധരിച്ചിട്ടുള്ളത്. ഇത് നിവേദക ശ്രേണിയിലെ തസ്ഹീഫിന് ഉദാഹരണമാണ്. സൈദുബ്നു സാബിതിന്റെ താഴെ ഹദീസാണ് മത്നിൽ തസ്ഹീഫ് സംഭവിച്ചതിന് ഉദാഹരണം:

أَنَّ النَّبِيَّ صَلّى الله عَلَيْهِ وَسَلّم احْتَجَرَ فِى الْمَسْجِد

എന്നാൽ ഈ ഹദീസ് ഇബ്നു ലഹീഅഃ ഉദ്ധരിച്ചത് ഇങ്ങനെയാണ്:

أَنَّ النَّبِيَّ صَلّى الله عَلَيْهِ وَسَلّم احْتَجَمَ فِى الْمَسْجِد

### ശാദ്ദ് (شاذّ)

പ്രാമാണികനായ നിവേദകൻ ഉദ്ധരിച്ചതിന് ഭിന്നമാകാതിരിക്കുക എന്നത് ഹദീസ് സ്വീകാര്യമാകുന്നതിനുള്ള ഉപാധിയാണെന്ന് പറഞ്ഞുവല്ലോ. പ്രാമാണികൻ ഉദ്ധരിച്ചതിനു ഭിന്നമായി നിവേദനം ചെയ്യപ്പെടുന്ന ഹദീസിന് ശാദ്ദ് എന്ന് പറയുന്നു. ഒറ്റപ്പെട്ടത് എന്നാണ് ശാദ്ദിന്റെ ഭാഷാർഥം. സ്വീകാരയോഗ്യനായ നിവേദകൻ, തന്നെക്കാൾ യോഗ്യനായ നിവേദകൻ ഉദ്ധരിച്ചതിനു ഭിന്നമായി നിവേദനം ചെയ്ത ഹദീസ് എന്നാണ് ശാദ്ദിന്റെ സാങ്കേതിക നിർവചനം. താഴെ ഹദീസ് ഇതിന് ഉദാഹരണമാണ്:

عَنْ أَبِى هُرَيْـرة رَضِيَ الله عَنه مَرْفُوعًا : إِذَا صَلّـى أَحَدَكُم الْـفَجْرَ فَلْيَضْطَجِع عَنْ يَمِينه

നബി (സ) പ്രസ്താവിച്ചതായി അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: 'നിങ്ങളിലൊരുവൻ ഫജ്ർ നമസ്കാരം (സുബ്ഹിന്റെ സുന്നത്ത്) നിർവഹിച്ചു കഴിഞ്ഞാൽ വലതുവശം ചരിഞ്ഞു കിടക്കട്ടെ.' ഈ ഹദീസിന്റെ നിവേദകരിൽ ഒരാളായ അബ്ദുൽവാഹിദ്, മറ്റു ധാരാളമാളുകൾ ഉദ്ധരിച്ചതിനു ഭിന്നമായാണ് ഇത് ഉദ്ധരിച്ചിട്ടുള്ളതെന്ന് ബൈഹഖി പ്രസ്താവിച്ചിരിക്കുന്നു. മറ്റു നിവേദകർ നബി(സ)യുടെ ഒരു പ്രവൃത്തിയായി- 'ഫജ്ർ നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ നബി(സ) വലതുവശം ചരിഞ്ഞു കിടന്നിരുന്നു' എന്നുദ്ധരിച്ചപ്പോൾ അബ്ദുൽ വാഹിദ് ഇതിനെ നബിയുടെ ഒരു പ്രസ്താവനയും നിർദേശവുമായാണ് ഉദ്ധരിച്ചിരിക്കുന്നത്. ശാദ്ദിനു വിരുദ്ധമായ നിവേദനം-മേൽ ഉദാഹരണത്തിൽ അബ്ദുൽ വാഹിദ് ഒഴിച്ചുള്ളവരുടെ നിവേദനം-മഹ്ഫൂള് (مَحفُوظ) എന്നറിയപ്പെടുന്നു. ഹദീസിന്റെ മത്നിലെന്നപോലെ സനദിലും ശാദ്ദ് സംഭവിക്കാം.

നിവേദക ശ്രേണിവഴി ഉദ്ധരിക്കപ്പെടുന്ന വചനം/ വസ്തുത ആരുമായി ബന്ധപ്പെടുന്നുവെന്നതിനെ ആധാരമാക്കി ഹദീസുകളെ നാലു വിഭാഗമാക്കി തിരിക്കാറുണ്ട്. അൽ ഹദീസുൽ ഖുദ്സി, മർഫൂഅ്, മൗഖൂഫ്, മഖ്ത്വൂഅ് എന്നിങ്ങനെ.

### അൽ ഹദീസുൽ ഖുദ്സീ (الحديث القدسى)

വിശുദ്ധ സത്ത(അല്ലാഹു)യുമായി ബന്ധപ്പെട്ട വചനം എന്നാണ് ഇതിന്റെ വാചികാർഥം. അല്ലാഹുവിന്റെ പ്രസ്താവനയായി നബി(സ)യിൽനിന്നു നമുക്ക് ഉദ്ധരിച്ചു കിട്ടിയ വചനം എന്ന് സാങ്കേതിക വിവക്ഷ. എന്നാൽ ഖുദ്സീ ഹദീസുകൾ ഖുർആൻ വാക്യങ്ങൾക്കു സമാനമല്ല. രണ്ടും തമ്മിലുള്ള അന്തരം താഴെ പറയുന്ന കാര്യങ്ങളിൽനിന്നു വ്യക്തമാണ്.

1. ഖുർആനിലെ പദങ്ങളും ആശയങ്ങളും പൂർണമായും അല്ലാഹുവിന്റേതാണ്. ഹദീസ് ഖുദ്സീയുടെ ആശയം മാത്രമാണ് അല്ലാഹുവിങ്കൽ നിന്നുള്ളത്. പദങ്ങളും വാക്യങ്ങളും നബി(സ)യുടേതാണ്.

2. ഖുർആൻ പാരായണം ഒരു ആരാധനയാണ്. ഖുദ്സീ ഹദീസുകളുടെ പാരായണം ആരാധനയാകുന്നില്ല.

3. ഖുർആന്റെ ഓരോ വാക്യവും മുതവാതിറാകണമെന്ന് നിബന്ധനയുണ്ട്. ഹദീസ് ഖുദ്സിക്കു ഇങ്ങനെയൊരു നിബന്ധനയില്ല.

മറ്റു നബി വചനങ്ങളെ അപേക്ഷിച്ച് ഖുദ്സീ വചനങ്ങൾ തുലോം വിരളമാണ്. ഇരുന്നൂറിൽ പരമാണ് അവയുടെ മൊത്തം എണ്ണം. താഴെ ഹദീസ്, ഖുദ്സീ ഹദീസിന് ഉദാഹരണമാണ്:

عَـنْ أَبِي ذَرٍّ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا رَوَى عَنِ اللَّهِ تَبَارَكَ وَتَـعَالَى أَنَّهُ قَالَ يَا عِبَادِي إِنِّي حَرَّمْتُ الظُّلْمَ عَلَى نَفْسِي وَجَعَلْتُهُ بَيْنَكُمْ مُحَرَّمًا فَلَا تَظَالَمُوا

അബൂദർറി(റ)ൽനിന്ന് നിവേദനം: അല്ലാഹു പ്രസ്താവിച്ചതായി നബി(സ) ഉദ്ധരിക്കുന്നു: 'ഞാൻ, എന്റെ മേൽ അക്രമം വിലക്കിയിരിക്കുന്നു. നിങ്ങൾക്കിടയിൽ അത് നിഷിദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ നിങ്ങൾ പരസ്പരം അക്രമിക്കരുത്.....' (മുസ്‌ലിം)

### മർഫൂഅ് (مرفوع)

ഉന്നതി നൽകപ്പെട്ടത് എന്നാണ് മർഫൂഇന്റെ പദാർഥം. നബി(സ)യുമായി ബന്ധപ്പെടുത്തി ഉദ്ധരിക്കപ്പെട്ട വാക്ക്, പ്രവൃത്തി, അംഗീകാരം, ഗുണവർണന എന്നിവക്കാണ് സാങ്കേതിക ഭാഷയിൽ മർഫൂഅ് എന്ന് പറയുന്നത്. 'നബി ഇപ്രകാരം അരുളിയിരിക്കുന്നു' എന്ന സ്വഹാബിയുടെ പ്രസ്താവന വാചികമായ മർഫൂഇ (مرفوع القولي)ന് ഉദാഹരണമാണ്. 'നബി തിരു

മേനി ഇവ്വിധം പ്രവർത്തിച്ചു' എന്ന് സ്വഹാബി പ്രസ്താവിക്കുന്നത് കർമപരമായ മർഫൂഇ (مرفوع الفعلي)നും 'നബിസന്നിധിയിൽ വെച്ച് ഇങ്ങനെ ഒരാൾ പ്രവർത്തിച്ചുവെന്ന് സ്വഹാബി ഉദ്ധരിക്കുകയും നബി(സ) അതിനോട് പ്രതികൂലമായൊന്നും പ്രതികരിക്കാതിരിക്കുകയും ചെയ്തത് അംഗീകാരസംബന്ധിയായ മർഫൂഇ (مرفوع التقريري) നും ഉദാഹരണമാണ്. സ്വഭാവ ഗുണങ്ങൾ വർണിക്കുന്ന മർഫൂഇ (مرفوع الوصفي)ന്റ് താഴെ ഹദീസാണ് ഉദാഹരണം:

كَان رَسُولُ الله صَلّى الله عَلَيْهِ وَسَلّم أَحْسَنَ النَّاسِ خُلُقًا

'നബി(സ) ജനങ്ങളിൽവെച്ച് ഏറ്റവും ഉൽകൃഷ്ട സ്വഭാവമുള്ളയാളായിരുന്നു.'

### മൗഖൂഫ് (موقوف)

നിർത്തിവെക്കപ്പെട്ടത് (സ്വഹാബിയിലെത്തി നിൽക്കുന്നത്) എന്നാണ് മൗഖൂഫിന്റെ ഭാഷാർഥം. സ്വഹാബിയുടേതായി ഉദ്ധരിക്കപ്പെടുന്ന പ്രസ്താവനയോ പ്രവൃത്തിയോ അംഗീകാരമോ ആണ് അതിന്റെ സാങ്കേതിക വിവക്ഷ. ഉദാഹരണം:

قَال عَلِــيّ بن أبي طالب رَضِي الله عَنْه : حَدِّثُوا النَّاسَ بِما يَــعْرِفُون. أَتُريدونَ أَنْ يُكذَّبَ الله وَرَسُولُهُ

അലി(റ) പ്രസ്താവിച്ചു: 'നിങ്ങൾ ജനങ്ങളോട് അവർക്കു മനസ്സിലാകുന്ന വിധം സംസാരിക്കുവിൻ. അല്ലാഹുവിനെയും റസൂലിനെയും തള്ളിപ്പറയുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?

### മഖ്ത്വൂഅ് (مقطوع)

ഭാഷയിൽ, ഛേദിക്കപ്പെട്ടത് എന്ന് അർഥമുള്ള പദമാണ് മഖ്ത്വൂഅ്. താബിഇയുടെയോ മറ്റോ നാമത്തിനുശേഷം നിവേദക പരമ്പര ഛേദിക്കപ്പെട്ടതു പോലെയായതിനാലാണ് ഈ പേര്. സാങ്കേതികമായി താബിഇയിൽനിന്നോ അദ്ദേഹത്തിനു താഴെയുള്ളവരിൽനിന്നോ ഉദ്ധരിക്കപ്പെടുന്ന വാക്കോ പ്രവൃത്തിയോ ആണ് മഖ്ത്വൂഅ്. താബിഈ പണ്ഡിതനായ ഹസനുൽ ബസ്വരിയുടെ താഴെ പ്രസ്താവന മഖ്ത്വൂആയ നിവേദനത്തിന് ഉദാഹരണമാകുന്നു: മുബ്തദിഇ (ബിദ്അത്തുകാരൻ)നെ പിന്തുടർന്നു നമസ്കരിക്കുന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞു:

صَلِّ وَعَلَيْهِ بِدْعَتُهُ (بخارى)

'നീ നമസ്കരിച്ചു കൊള്ളുക, അവന്റെ ബിദ്അത്ത് ദോഷകരമായി ബാധിക്കുന്നത് അവനെത്തന്നെയാണ്.'

ഇനി സ്വീകാര്യമെന്നോ അസ്വീകാര്യമെന്നോ ഭേദമില്ലാതെ ഹദീസുകളുമായി ബന്ധപ്പെട്ട മറ്റു ചില സംജ്ഞകൾ പരിശോധിക്കാം:

### മുസ്നദ് (مسند)

ചേർത്തു പറയപ്പെടുന്നത്, ചാരിവെക്കപ്പെട്ടത് എന്നെല്ലാമാണ് ഭാഷാർഥം. ഇടമുറിയാത്ത നിവേദക ശ്രേണിയിലൂടെ നബി(സ)യിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീസ് എന്നാണ് മുസ്നദിന്റെ സാങ്കേതിക നിർവചനം.

### മുത്തസ്വിൽ (متصل)

ഇടവിടാതെ ചേർന്നു വന്നത്, അവിഛിന്നം എന്ന് ഭാഷാർഥം. സാങ്കേതിക ഭാഷയിൽ, ഇടമുറിയാത്ത നിവേദക പരമ്പരയിലൂടെ നബി(സ)യിൽനിന്നോ സ്വഹാബിയിൽനിന്നോ ഉദ്ധരിക്കപ്പെടുന്നത് എന്ന് നിർവചിക്കാം.

### സിയാദാതുസ്സിഖാത്ത് (زيادات الثقات)

പ്രാമാണികർ അധികരിപ്പിച്ചവ എന്നർഥം. ഒരു ഹദീസിന്റെ നിവേദകന്മാരിൽ ഒരാൾ മറ്റു നിവേദകന്മാർ ഉദ്ധരിച്ചതിനേക്കാൾ അധികമായി നിവേദനം ചെയ്തിട്ടുള്ള ഭാഗമെന്നതാണ് വിവക്ഷ. താഴെ നബിവചനത്തിലെ 'യൗമു അറഫ' എന്ന ഭാഗം ഉദാഹരണമാണ്. മൂസബ്നു അലിയ്യിബ്നി റബാഹ് അദ്ദേഹത്തിന്റെ പിതാവിൽനിന്നും പിതാവ് ഉഖ്ബത്തുബ്നു ആമിറിൽനിന്നും നബി(സ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു:

يَوْمُ عَرَفَةَ وَيَوْمُ النَّحْرِ وَأَيَّامُ التَّشْرِيقِ عِيدُنَا أَهْلَ الْإِسْلَامِ وَهِيَ أَيَّامُ أَكْلٍ وَشُرْبٍ

ഇതിൽ 'യൗമു അറഫ' എന്ന വാക്ക് മൂസബ്നു അലിയുടെ നിവേദനത്തിൽ വന്നിട്ടുള്ള അധികവചന(زيادة)മാകുന്നു. പ്രസ്തുത ഹദീസ് മറ്റു നിവേദകന്മാർ ഉദ്ധരിച്ചിട്ടുള്ളതിലൊന്നും 'യൗമു അറഫ' ഇല്ല.

### ഇഅ്തിബാർ, മുതാബിഅ്, ശാഹിദ് (الاعتبار والمتابع والشاهد)

നിരീക്ഷിക്കുക, പരിചിന്തനം ചെയ്യുക എന്നൊക്കെ അർഥമുള്ള പദമാണ് ഇഅ്തിബാർ. ഒരു നിവേദകൻ മാത്രമുള്ള ഹദീസ് മറ്റാരെങ്കിലും ഉദ്ധരിച്ചിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി അതിന്റെ നിവേദക പരമ്പരകൾ പരിശോധിക്കുക എന്നാണ് ഇഅ്തിബാറിന്റെ സാങ്കേതിക വിവക്ഷ. മുതാബിഅ് എന്ന പദത്തിന് അനുഗാമി എന്നർഥമാണ്. ഒരു നിവേദകൻ മാത്രമുള്ള ഹദീസിനോട് അക്ഷരാർഥത്തിലോ, അർഥത്തിൽ മാത്രമായോ യോജിക്കുന്ന വിധം ഒരേ സ്വഹാബിയിൽനിന്നു തന്നെ മറ്റു നിവേദകർ ഉദ്ധരിച്ചിട്ടുള്ള ഹദീസാണ് സാങ്കേതിക വിവക്ഷയിൽ മുതാബിഅ്. ഭാഷയിൽ സാക്ഷി എന്നർഥമുള്ള ശാഹിദ് എന്ന സംജ്ഞയുടെ വിവക്ഷ, ഒരു നിവേദകൻ മാത്രമുള്ള ഹദീസിനോട് അക്ഷരാർഥത്തിലോ അർഥത്തിൽ മാത്രമോ യോജിക്കുന്നവിധം അതേ സ്വഹാബിയിൽ നിന്നല്ലാതെ മറ്റു നിവേദകർ ഉദ്ധരിച്ച ഹദീസ് എന്നാണ്. ഉദാഹരണം:

رَوَى الــــشَّافِعي عَنْ مَالِك عَنْ عَبْدِ اللَّهِ بْنِ دِيــنَارٍ عَنْ بْنِ عُمَرَ أَنَّ رَسُــولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَــلَّمَ قَالَ الشَّهْرُ تِســعٌ وَعِشْرُونَ فَلَا تَصُومُوا حَتَّى تَرَوُا الْــهِلَــالَ وَلَا تُفْطِرُوا حَتَّى تَرَوْهُ فَإِنْ غُمَّ عَلَيْــكُمْ فَأكملوا العِدَّةَ ثَلاَثِينَ

ഇമാം ശാഫിഈ മാലികിൽനിന്നും മാലിക്, അബ്ദുല്ലാഹിബ്നു ദീനാറിൽനിന്നും അബ്ദുല്ലാഹിബ്നു ദീനാർ, ഇബ്നു ഉമറിൽനിന്നും ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു: 'മാസം 29 ദിവസമാകുന്നു. എന്നാൽ ചന്ദ്രപ്പിറവി ദർശിക്കുന്നത് വരെ നിങ്ങൾ നോമ്പെടുക്കരുത്. ചന്ദ്രപ്പിറവി ദൃശ്യമാകുന്നത് വരെ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യരുത്. ഇനി നിങ്ങൾക്കു മീതെ മേഘം മൂടിയിട്ടുണ്ടെങ്കിൽ നിങ്ങൾ എണ്ണം മുപ്പത് പൂർത്തിയാക്കുവീൻ' (കിതാബുൽ ഉമ്മ്). ഈ ഹദീസ് മേലുദ്ധരിച്ച രൂപത്തിൽ ശാഫിഈ മാത്രമാണ്, മാലികിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളതെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. കാരണം മാലികിൽനിന്ന് ശാഫിഈ ഒഴികെയുള്ള നിവേദകരെല്ലാം മറ്റൊരു രൂപത്തിലാണ് പ്രസ്തുത ഹദീസിന്റെ അവസാനവാക്യം നിവേദനം ചെയ്തിട്ടുള്ളത്. അത് ഇപ്രകാരമാണ്:

فَإِنْ غُمَّ عَلَيْكُمْ فَاقْدِرُوا لَهُ

എന്നാൽ നിവേദക പരമ്പരകളുടെ സൂക്ഷ്മമായ പരിശോധന(ഇഅ്തിബാർ)യിലൂടെ ശാഫിഈയുടെ നിവേദനത്തോട് അക്ഷരാർഥത്തിൽ യോജിച്ചുകൊണ്ട് മറ്റൊരു നിവേദകൻ (മുതാബിഅ്) ഇത് ഉദ്ധരിച്ചിട്ടുണ്ടെന്ന് വ്യക്തമാവുകയുണ്ടായി. അത്

**കളവ് പറഞ്ഞുവെന്ന ആരോപണമാണ് നിവേദകന്റെ അയോഗ്യതക്കു കാരണമെങ്കിൽ അയാൾ ഉദ്ധരിക്കുന്ന ഹദീസ് മത്റൂക് (വർജ്യം).**

**പ്രാമാണികൻ ഉദ്ധരിച്ചതിനു ഭിന്നമായി നിവേദനം ചെയ്യപ്പെടുന്ന ഹദീസാണ് ശാദ്ദ്**

ഇപ്രകാരമാണ്:

رَوَى البخاري عَنْ عَبْدِالله بن مَسْلَمة الْقَعْنبي عَنْ مالِك بِالْأَسْناد نَفْسه، وَفِيه فَإِنْ غُمّ عَلَيْكُمْ فَأَكْمِلُوا الْعِدَّة ثلاثين

ബുഖാരി അബ്ദുല്ലാഹിബ്നു മസ്‌ലമതൽ ഖഅ്നബിയിൽനിന്നും അബ്ദുല്ലാഹിബ്നു മസ്‌ലമതൽ ഖഅ്നബി, മാലികിൽനിന്നും അതേ നിവേദക പരമ്പരവഴി ഉദ്ധരിക്കുന്നു: അതിൽ ഇങ്ങനെയുണ്ട്:

فَإِنْ غُمَّ عَلَيْكُمْ فَأكملوا العِدَّةَ ثَلاَثِينَ

ശാഫിഈയുടെ നിവേദനവുമായി അക്ഷരാർഥത്തിൽ തന്നെ യോജിക്കുന്നതിനാലും ഇരു നിവേദക പരമ്പരയും ചെന്നവസാനിക്കുന്നത് ഒരേ സ്വഹാബി (ഇബ്നു ഉമർ)യിലാണെന്നതിനാലും ഖഅ്നബിയുടെ ഈ നിവേദനം ശാഫിഈയുടെ നിവേദനത്തിന്റെ മുതാബിഅ് ആകുന്നു.

ശാഫിഈയുടെ നിവേദനത്തിന്റെ ശാഹിദായി പരിഗണിക്കാവുന്ന മറ്റൊരു നിവേദനവുമുണ്ട്:

رَوَى النَّسَائِى مِنْ رِوَايَةِ مُحَمَّدِ بن حُنَيْن عَنْ ابن عَبّاس عَن النّبي صَلّى الله عَلَيْهِ وَسَلّم قالَ ، وَفِيه فَإِنْ غُمّ عَلَيْكُمْ فَأَكْمِلُوا الْعِدَّة ثَلاثِينَ

നസാഈ, മുഹമ്മദുബ്നു ഹുനൈൻ വഴി ഇബ്നു അബ്ബാസിൽനിന്ന് ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു....

അതിൽ ഇങ്ങനെയുണ്ട്:

فَإِنْ غُمَّ عَلَيْكُمْ فَأكملوا العِدَّةَ ثَلاَثِينَ

ശാഫിഈ നിവേദനം ചെയ്ത നബിവചനത്തോട് അക്ഷരാർഥത്തിൽ ഈ നിവേദനവും യോജിക്കുന്നുണ്ട്. എന്നാൽ ശാഫിഈയുടെ നിവേദക ശ്രേണിയിലും ഈ നിവേദക ശ്രേണിയിലുമുള്ള സ്വഹാബിമാർ വ്യത്യസ്തരാണ്. ആദ്യത്തേതിൽ ഇബ്നു ഉമറാണെങ്കിൽ ഇതിൽ ഇബ്നു അബ്ബാസാണ്. അതിനാൽ ഈ നിവേദനം ശാഫിഈയുടെ നിവേദനത്തിന്റെ ശാഹിദ് ആയി പരിഗണിക്കപ്പെടുന്നു.

### മുഅൻഅൻ (المعنعن)

അൻഅന (عنعن) എന്ന ക്രിയാ ശബ്ദത്തിന്റെ കർമപദമാണ് മുഅൻഅൻ. عن، عن ഉപയോഗിച്ച്, ഇന്നയാൾ ഇന്നയാളിൽനിന്ന് (فلان عن فلان) എന്ന നിവേദക ശ്രേണിയോട് കൂടിയ ഹദീസിനാണ് മുഅൻഅൻ എന്നു പറയുന്നത്. ഉദാഹരണം: ഇബ്നുമാജ ഉദ്ധരിക്കുന്നു:

حَدَّثَنَا عُثْمَانُ بْنُ أَبِي شَيْبَةَ حَدَّثَنَا مُعَاوِيَةُ بْنُ هِشَامٍ حَدَّثَنَا سُـــفْيَانُ عَنْ أُســَـامَةَ بْنِ زَيْدٍ عَنْ عُثْمَانَ بْنِ عُرْوَةَ عَنْ عُرْوَةَ عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى مَيَامِنِ الصُّفُوفِ *

ഈ ഹദീസിന്റെ നിവേദക പരമ്പരയിൽ സുഫ്‌യാൻ മുതലുള്ള നിവേദകരെ عن ഉപയോഗിച്ചാണ് പരാമർശിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ഹദീസാണ് മുഅൻഅൻ. മുഅൻഅൻ സ്വീകാരയോഗ്യമായ ഹദീസാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർ വിവിധ അഭിപ്രായക്കാരാണ്. ചില ഉപാധികളോടെ സ്വീകാര്യമായ ഹദീസുകളിൽ ഉൾപ്പെടുത്താമെന്നാണ് പ്രബല പക്ഷം.

### മുഅന്നൻ (مؤنّن)

അന്നന (അന്ന, അന്ന എന്നിങ്ങനെ പ്രയോഗിക്കുന്നത്) എന്ന ക്രിയാ പദത്തിന്റെ കർമവാചിയാണ് മുഅന്നൻ. ഇന്നയാൾ പറഞ്ഞുവെന്ന് ഇന്നയാൾ എന്നോട് പറഞ്ഞു: (قال....... حدّثنا فلان أن فلاناً) എന്നിങ്ങനെ ഉദ്ധരിക്കുന്ന ഹദീസാണ് മുഅന്നൻ. മുഅൻഅൻ (مُعنعن) പോലെ ഉപാധികൾക്കു വിധേയമാണ് മുഅന്നനി(مؤنّن) ന്റെയും സ്വീകാര്യത. ■

*(അവലംബം: ഇബ്നു കസീർ - അൽ ബാഇസുൽ ഹസീസ്, ഡോ. മഹ്മൂദ് അത്ത്വഹ്ഹാൻ - തൈസീറു മുസ്ത്വലഹിൽ ഹദീസ്)*